2024 OCTOBER
29
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പ്രതിരോധ ഉത്പാദന മേഖല പുതിയ ഉയരങ്ങളിലേക്ക്

# വഡോദരയിൽ സി295 വിമാന നിർമാണത്തിന് തുടക്കം

**വഡോദര:** ഗുജറാത്തിലെ വഡോദരയിൽ സി295 വിമാനങ്ങൾ നിർമിക്കുന്നതിനുള്ള ടാറ്റ എയർക്രാഫ്റ്റ് കോംപ്ലക്സ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും ചേർന്ന് ഉദ്ഘാടനം ചെയ്തു. ടാറ്റയുടെ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡ് കാമ്പസിലാണ് വിമാന നിർമാണം. പുതിയ പദ്ധതി രാജ്യത്തിന്റെ പ്രതിരോധ ഉത്പാദന മേഖല കൂടുതൽ ഉയരങ്ങളിലേക്ക് എത്തുന്നതിന്റെ സൂചനയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസിന്റെ ആദ്യ ഭാരത സന്ദർശനമാണിത്. സി295 വിമാനങ്ങൾ നിർമിക്കാനുദ്ദേശിച്ചുള്ള ടാറ്റ എയർക്രാഫ്റ്റ് കോംപ്ലക്സ് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും. ഒപ്പം മേക്ക് ഇൻ ഇന്ത്യ, മേക്ക് ഫോർ ദ വേൾഡ് എന്ന ദൗത്യത്തിന് ആക്കവും കൂട്ടും.

രാജ്യത്തെ പുതിയ തൊഴിൽ സംസ്കാരത്തിന്റെ ഉദാഹരണമാണ് സി 295 വിമാനങ്ങളുടെ നിർമാണശാല. 2022 ഒക്ടോബറിൽ തറക്കല്ലിട്ട ഫാക്ടറി അതിവേഗത്തിലാണ് യാഥാർത്ഥ്യമായത്. ഓർഡനൻസ് ഫാക്ടറികളെ ഏഴു പ്രധാന കമ്പനികളായി പുനഃക്രമീകരിച്ചും ഡിആർഡിഒ, എച്ച്എഎൽ എന്നിവയെ



ശാക്തീകരിച്ചും പ്രതിരോധ നിർമാണ മേഖലയെ നവീകരിച്ചു. ഇന്നവേഷൻ ഫോർ ഡിഫൻസ് എക്സലൻസ് പദ്ധതി വഴി ആയിരത്തോളം പ്രതിരോധ സ്റ്റാർട്ടപ്പുകളാണ് വളർന്നത്. കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതിയിലുണ്ടായത് മുപ്പതു മടങ്ങ് വർദ്ധനവാണ്. നൂറിലേറെ രാജ്യങ്ങളിലേക്ക് ഭാരതം പ്രതിരോധ ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്നു, മോദി പറഞ്ഞു.

എയർബസ്ടാറ്റ ഫാക്ടറി പോലുള്ള പദ്ധതികൾ വലിയ തൊഴിലവസരങ്ങളാണ് സൃഷ്ടിക്കുന്നത്. 18,000 വിമാന ഭാഗങ്ങൾ തദ്ദേശീയമായി നിർമിക്കുന്നത് ആയിരക്കണക്കിന് എംഎസ്എംഇകൾക്ക് വലിയ അവസരങ്ങളാണ് നൽകുന്നത്. ലോകത്തിലെ മുൻനിര വിമാനക്കമ്പനികൾക്ക് വിമാന ഭാഗങ്ങൾ നിർമിച്ചു നൽകുന്നതിൽ ഭാരതം മുൻപന്തിയിലാണ്. രാജ്യത്തെ വിവിധ വിമാനക്കമ്പനികൾ 1,200 വിമാനങ്ങൾക്കാണ് ഓർഡർ നൽകിയിരിക്കുന്നത്. തദ്ദേശീയമായ വിമാന നിർമ്മാണ പദ്ധതികളുടെ വിപുലീകരണം കേന്ദ്രസർക്കാരിന്റെ ലക്ഷ്യമാണെന്നും മോദി വ്യക്തമാക്കി. സ്പാനിഷ് ഫുട്ബോളിന് ഭാരതത്തിൽ നിറയെ ആരാധകരുള്ളതു പോലെ യോഗക്ക് സ്പെയിനിലും വലിയ പ്രചാരമാണെന്ന് മോദി പറഞ്ഞു.

# സെൻസസ് അടുത്ത വർഷം; 2026ൽ നടപടികൾ പൂർത്തിയാക്കും

**ന്യൂഡൽഹി:** രാജ്യത്ത് അടുത്ത വർഷം സെൻസസ് വിവരശേഖരണം നടത്തിയേക്കും. 2026ൽ നടപടികൾ പൂർത്തിയാക്കും. തുടർന്നു ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണയം ആരംഭിക്കും. 2028ൽ ഇതു പൂർത്തിയാക്കും. എന്നാൽ, പ്രതിപക്ഷം ആവശ്യപ്പെടുന്ന ജാതി സെൻസസ് ഉണ്ടാവില്ല. വിവിധ മതങ്ങളുടെ ഉപവിഭാഗങ്ങൾക്കു പ്രത്യേക കോളം നൽകിയേക്കുമെന്നും റിപ്പോർട്ട്.



2021ൽ നടക്കേണ്ട ജനസംഖ്യാ കണക്കെടുപ്പാണിത്. കൊവിഡ് 19നെത്തുടർന്ന് അന്നു വിവരശേഖരണം മാറ്റിവയ്ക്കുകയായിരുന്നു. ഇതോടെ, സെൻസസ് വർഷത്തിനും മാറ്റം വന്നു. ഇനിയുള്ള പതിറ്റാണ്ടുകളിലും ഈ മാതൃകയാകും പിന്തുടരുകയെന്നു സർക്കാർ വൃത്തങ്ങൾ. അഥവാ 2035, 2045, 2055 എന്നിങ്ങനെയാകും ഇനി സെൻസസ്.

നിലവിലുള്ള ചട്ടക്കൂടുകളിൽ ഒതുങ്ങിയാകും ഉപവിഭാഗങ്ങളുടെ സർവെ. ജനറൽ, മറ്റു പിന്നാക്ക വിഭാഗങ്ങൾ (ഒബിഎസ്), പട്ടിക ജാതി (എസ്സി), പട്ടികവർഗം (എസ്ടി) എന്നിങ്ങനെയാണു നിലവിലുള്ള വിഭാഗങ്ങൾ. എന്നാൽ, രാജ്യത്തിൻറെ ബഹുസ്വരത കണക്കിലെടുത്ത് ഉപവിഭാഗങ്ങളുടെ ജനസംഖ്യ കണക്കുകൂട്ടുന്നതാണു പരിഗണിക്കുന്നത്. കർണാടകയിലെ ലിംഗായത്തുകൾ പൊതു വിഭാഗത്തിലാണെങ്കിലും തങ്ങൾ പ്രത്യേക വിഭാഗമെന്നാണ് ഇവർ അവകാശപ്പെടുന്നത്. ഇത്തരം വിഭാഗങ്ങളെയാകും പ്രത്യേകം അടയാളപ്പെടുത്തുക.

സെൻസസ് കമ്മിഷണർ മൃത്യുഞ്ജയ് കുമാർ നാരായണിൻറെ ഡെപ്യൂട്ടേഷൻ 2026 ഓഗസ്റ്റ് വരെ നീട്ടിയിരുന്നു. ഇത് സെൻസസിനു വേണ്ടിയെന്നാണു സൂചന.

2026 ൽ സെൻസസ് വിവരങ്ങൾ പുറത്തുവിട്ടാലുടനാകും മണ്ഡല പുനർനിർണയം. ഇതിനു പിന്നാലെ നിയമനിർമാണ സഭകളിലെ വനിതാസംവരണം നടപ്പാക്കും.

2011 ലാണ് അവസാനമായി സെൻസസ് നടന്നത് . 121.1 കോടിയായിരുന്നു രാജ്യത്ത് അന്നത്തെ ജനസംഖ്യ.

# ലുലു റീടെയ്ൽ ഐപിഒ ചരിത്രമായി: മണിക്കൂറുകൾക്കം മുഴുവൻ ഓഹരികളും വിറ്റുതീർന്നു

**ദുബായ്:** മധ്യപൂർവ ദേശത്തെ ഏറ്റവും വലിയ റീടെയ്ൽ ഐപിഒയിൽ ലുലു റീടെയ്ലിനു ചരിത്ര നേട്ടം. ലുലു റീടെയ്ലിൻറെ പ്രഥമ ഓഹരി വിൽപ്പന തുടങ്ങിയ ആദ്യ ദിനം മണിക്കൂറുകൾക്കം മുഴുവൻ ഓഹരികളും വിറ്റുതീർന്നു.

527 കോടി ദിർഹം മൂല്യം വരുന്ന ഓഹരികളാണ് അതിവേഗം വിറ്റഴിഞ്ഞത്. 1.94 മുതൽ 2.04 ദിർഹം (44.40 മുതൽ 46.69 രൂപ) വരെയായിരുന്നു ഓഹരി വില. തിങ്കളാഴ്ച രാവിലെ എട്ടിന് ഓഹരി വിൽപന ആരംഭിച്ചപ്പോൾ തന്നെ ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്.

എഡിസിബി, ഫസ്റ്റ് അബുദാബി ബാങ്ക്, എമിറേറ്റ്സ് എൻബിഡി ക്യാപ്പിറ്റൽ, എച്ച്എസ്ബിസി ബാങ്ക് മിഡിൽ ഈസ്റ്റ്, ദുബായ് ഇസ്‌ലാമിക് ബാങ്ക്, എമിറേറ്റ് എന്നിവയിലൂടെയായിരുന്നു വിൽപ്പന.

ഒന്നാം ഘട്ട വിൽപ്പന അവസാനിച്ചെങ്കിലും നവംബർ അഞ്ച് വരെ നിക്ഷേപകർക്ക് ഓഹരികൾ വാങ്ങാൻ അവസരമുണ്ട്. മൂന്നു ഘട്ടങ്ങളിലായി 25 ശതമാനം ഓഹരികളാണ് (258.2 കോടി) ലുലു റീടെയ്ൽ ഐപിഒയിലൂടെ വിറ്റഴിക്കുന്നത്. 89 ശതമാനം ഓഹരികൾ നിക്ഷേപക സ്ഥാപനങ്ങൾക്കും (ക്യുഐബി) 10 ശതമാനം റീടെയ്ൽ നിക്ഷേപകർക്കും ഒരു ശതമാനം ജീവനക്കാർക്കുമായാണ് നീക്കിവച്ചിരിക്കുന്നത്.

ഓരോ വ്യക്തിക്കും ചുരുങ്ങിയത് 1000 ഓഹരികളും, ലുലു ജീവനക്കാർക്ക് ചുരുങ്ങിയത് 2000 ഓഹരികളും ഉറപ്പായും ലഭിക്കും. 1.8 ബില്യൺ ഡോളറാണ് ഓഹരി വിൽപ്പനയിലൂടെ ലുലു ലക്ഷ്യമിടുന്നത്.



# കെ.വി.വി.ഇ.എസ് എറണാകുളം നോർത്ത് യൂണിറ്റ് രൂപീകരിച്ചു


ദീപു ജോസഫ്


ജംഷീർ വാഴയിൽ

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) എറണാകുളം നോർത്ത് യൂണിറ്റ് രൂപീകരിച്ചു. ദീപു ജോസഫ് (പ്രസിഡന്റ്) ജംഷീർ വാഴയിൽ ( ജനറൽ സെക്രട്ടറി), സൂരജ് പള്ളിക്കൻ (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ. ബെൻസൺ വിവേര, നോബിൾ റോഡ്രിഗസ് ( വൈസ് പ്രസിഡന്റുമാർ), ജസ്റ്റിൻ ജോബ്, കെ. എസ് സുലൈമാൻ (റസൽ) സെക്രട്ടറിമാർ എന്നിവരാണ് സഹഭാരവാഹികൾ. ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ് യോഗം ഉദ്ഘാടനം ചെയ്തു. യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റും ജില്ലാ കമ്മിറ്റിയംഗവുമായ പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ്, ട്രഷറർ സി.എസ് അജ്മൽ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൾ റസാഖ് തുടങ്ങിയവർ സംസാരിച്ചു.



എറണാകുളം, വാഴക്കാല കെ.എം.എം കോളജ് ബി.എ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ആനിമേഷൻ ദിനാചരണം ഉദ്ഘാടനം ചെയ്ത ശേഷം കോളജ് മാനേജർ ഡോ. സബ്ന ബക്കർ എക്സിബിഷൻ നോക്കി കാണുന്നു. ജാഫർ ജബ്ബാർ, സാറ റെക്സ് വർഗ്ഗീസ് തുടങ്ങിയവർ സമീപം

# ഇന്റർനാഷണൽ ആനിമേഷൻ ദിനം ആചരിച്ചു

**കൊച്ചി:** എറണാകുളം, വാഴക്കാല കെ.എം.എം കോളജ് ബി.എ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഇന്റർനാഷണൽ ആനിമേഷൻ ദിനാചരണവും എക്സിബിഷനും സംഘടിപ്പിച്ചു. കോളജ് മാനേജർ ഡോ. സബ്ന ബക്കർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ജാഫർ ജബ്ബാർ അധ്യക്ഷത വഹിച്ചു. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ ഡിപ്പാർട്ട്മെന്റ് മേധാവി സാറ റെക്സ് വർഗ്ഗീസ് സംസാരിച്ചു.വിദ്യാർഥികൾ തയ്യാറാക്കിയ വിവിധ ആനിമേഷൻ സൃഷ്ടികളും കലാരൂപങ്ങളും ദിനാചരണത്തിന്റെ ഭാഗമായി പ്രദർശിപ്പിച്ചു.

## ഇന്റർ സൺഡേ സ്കൂൾ മത്സരങ്ങൾ നവംബർ 9 ന്

**കൊച്ചി:** എറണാകുളം വൈ.എം.സി.എയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇന്റർ സൺഡേ സ്കൂൾ മത്സരങ്ങൾ നവംബർ 9ന് നടത്തപ്പെടും. ബൈബിൾ ക്വിസ്, ലളിതഗാനം, ഗ്രൂപ്പ് സോങ്സ്, പ്രസംഗ മത്സരം, ബൈബിൾ റീഡിങ്, സൊർഡ് ഡ്രിൽ, സ്കിറ്റ്, കൊറിയോഗ്രാഫി, മൈം എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടത്തപ്പെടുന്നത്. ജൂനിയർ (12 വയസിന് താഴെ ), സീനിയർ(1217) തിരിച്ചാണ് മത്സരം നടത്തപ്പെടുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സൺഡേ സ്കൂൾ വിദ്യാർഥികൾ വികാരി അച്ഛന്റെയോ സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററിന്റെയോ സാക്ഷ്യപത്രത്തോടുകൂടി 5)0 തീയതിക്ക് മുൻപായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് : 7736658444



കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഇൻസ്ട്രുമെന്റേഷൻ വകുപ്പിന്റെ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ മൂന്നാം നില ഉദ്ഘാടനം ചെയ്തു മന്ത്രി ആർ ബിന്ദു സംസാരിക്കുന്നു. സിൻഡിക്കേറ്റ് അംഗം ഡോ.എസ്.എം. സുനോജ്, രജിസ്ട്രാർ ഡോ. എ യു അരുൺ, വൈസ് ചാൻസലർ ഡോ.എം.ജുനൈദ് ബുഷിരി, കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ സീമ കണ്ണൻ, ടെക്നോളജി ഫാക്കൽട്ടി ഡീൻ ഡോ. എം.കൈലാസ്നാഥ്, ഇൻസ്ട്രുമെന്റേഷൻ വിഭാഗം മേധാവി ഡോ. പങ്കജ് സാഗർ എന്നിവർ സമീപം.

# വിദ്യാർത്ഥികൾ തൊഴിൽദാതാക്കളായി മാറാൻ എല്ലാ സഹായവും ഉറപ്പാക്കും: മന്ത്രി ആർ ബിന്ദു

**കൊച്ചി:** വിദ്യാർത്ഥികൾ തൊഴിലന്വേഷകരിൽ നിന്ന് തൊഴിൽദാതാക്കളായി മാറുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി എല്ലാ തരത്തിലുമുള്ള ഹസ്താവലംബം ഒരുക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമപ്രായക്കാർക്കും തൊഴിലന്വേഷകർക്കും തൊഴിൽ നൽകുന്നരീതിയിൽ വിദ്യാർത്ഥികളിലെ സംരംഭകത്വതാല്പര്യം പ്രോത്സാഹിപ്പിക്കാനും സർക്കാരിന് അതീവസന്തോഷമാണ്. സർക്കാരും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാനുള്ള പ്രവർത്തനങ്ങളും നമ്മുടെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സാധ്യമാകുന്നുണ്ട്, മന്ത്രി ആർ ബിന്ദു പറഞ്ഞു. സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ വകുപ്പിന്റെ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ മൂന്നാം നില ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

നൂതനാശയങ്ങൾ പ്രായോഗിക തലത്തിൽ പരിവർത്തനം ചെയ്യാനാകുന്ന നോളജ് ട്രാൻസ്‌ലേഷൻ സെന്ററുകളായി സർവകലാശാലകളെ മാറ്റുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളും ധനസഹായങ്ങളും വിശദീകരിച്ച മന്ത്രി കുസാറ്റിന് വൈജ്ഞാനികപുരോഗതിയുടെ മുൻപിൽ നടക്കുന്ന സ്ഥാപനം എന്ന് വിശേഷിപ്പിച്ചു. 'അറിവ് മൂലധനമാക്കി വൈജ്ഞാനികമേഖലയുടെ വൈവിധ്യമാർന്ന തലങ്ങളിൽ ഇടപെട്ടുകൊണ്ട് മികവാർന്ന സേവനങ്ങളും ഉത്പന്നങ്ങളും പ്രക്രിയകളും വികസിപ്പിച്ച് സമൂഹത്തിന് ഉപകാരപ്രദമായ വലിയ സംഭാവനകൾ നൽകുന്ന സർവകലാശാലയാണ് കുസാറ്റ്. സാങ്കേതികതവിദ്യയിലൂടെ സമൂഹത്തിന് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളൊരുക്കാനും അദ്ഭുതകരമായ സ്വാധീനങ്ങൾ ചെലുത്താനും പരിശ്രമിക്കുന്ന ഗവേഷണകുതുകികളായ അധ്യാപകരും വിദ്യാർഥികളുമുള്ള കുസാറ്റ് ക്യാമ്പസിനെ വളരെ പ്രത്യാശയോടെയാണ് സർക്കാർ കാണുന്നത്,' മന്ത്രി കൂട്ടിച്ചേർത്തു.വൈസ് ചാൻസലർ ഡോ.എം.ജുനൈദ് ബുഷിരി അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ രജിസ്ട്രാർ ഡോ. എ യു അരുൺ, കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ സീമ കണ്ണൻ, സിൻഡിക്കേറ്റ് അംഗം ഡോ.എസ്.എം. സുനോജ്, ടെക്നോളജി ഫാക്കൽട്ടി ഡീൻ ഡോ. എം.കൈലാസ്നാഥ്, ഇൻസ്ട്രുമെന്റേഷൻ വിഭാഗം മേധാവി ഡോ. പങ്കജ് സാഗർ എന്നിവർ സംസാരിച്ചു. നൂറുദിന കർമപരിപാടിയുടെ ഭാഗമായി കുസാറ്റിന് പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 83.30 ലക്ഷം രൂപ ഉപയോഗിച്ചാണ് മൂന്നാം നില നിർമ്മിച്ചത്. 4,530 ചതുരശ്ര അടി വിസ്തീർണത്തിൽ നിർമ്മിച്ചിരിക്കുന്ന മൂന്നാം നിലയിൽ രണ്ട് ക്ലാസ് മുറികളും ഒരു ഡ്രോയിംഗ് റൂമും ശുചിമുറികളും ഉൾപ്പെടുന്നു. 2022 നവംബറിൽ ആരംഭിച്ച നിർമ്മാണം 2024 ഓഗസ്റ്റിൽ പൂർത്തിയായി. സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നിർമാണം നടന്നത്.

# കേരളത്തിന് പുറത്ത് കൽക്കരിനിലയം സ്ഥാപിക്കാൻ ആലോചന: മുഖ്യമന്ത്രി

**അടിമാലി:** 2040ൽ കേരളത്തെ സമ്പൂർണ പുനരുപയോഗ ഊർജാധിഷ്ഠിത സംസ്ഥാനമായി മാറ്റുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തൊട്ടിയാർ ജലവൈദ്യുത പദ്ധതി നാടിനു സമർപ്പിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2027ൽ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ പകുതി പുനരുപയോഗ ഊർജസ്രോതസ്സുകളിലൂടെ ലഭ്യമാക്കുകയാണു ലക്ഷ്യമെന്നും പിണറായി പറഞ്ഞു.

40 മെഗാവാട്ട് ശേഷിയുള്ള തൊട്ടിയാർ ജലവൈദ്യുത പദ്ധതി ഊർജ മേഖലയ്ക്കു കരുത്തു പകരും. സംസ്ഥാനത്തു കൽക്കരിനിലയത്തിന്റെ സാധ്യത പ്രധാനമന്ത്രി അന്വേഷിച്ചിരുന്നു. കൽക്കരി ലഭ്യതക്കുറവും പരിസ്ഥിതി പ്രശ്നങ്ങളും ഉള്ളതിനാൽ നിലവിൽ സാധ്യമല്ല. എന്നാൽ, കൽക്കരി ലഭ്യമായ മറ്റു സംസ്ഥാനത്തു നിലയം സ്ഥാപിച്ച് വൈദ്യുതി കേരളത്തേക്ക് എത്തിക്കുന്ന പദ്ധതി ആലോചനയിലുണ്ടെന്നും ഇതിനു കേന്ദ്രം പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി കെ.കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു. മന്ത്രി റോഷി അഗസ്റ്റിൻ, എംഎൽഎമാരായ എം.എ ഒ.മണി, എ.രാജ, ആന്റണി ജോൺ, കെഎസ്ഇബി ചെയർമാൻ ബിജു പ്രഭാകർ, സിവിൽ, ഇലക്ട്രിക്കൽ ജനറേഷൻ ഡയറക്ടർ ജി.സജീവ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി.ബിനു, ജില്ലാ കലക്ടർ വി.വിഘ്നേശ്വരി എന്നിവർ പ്രസംഗിച്ചു.

പെരിയാറിന്റെ കൈവഴിയായ ദേവിയാർ പുഴയിൽ വാളറയ്ക്കു സമീപം തൊട്ടിയാറിൽ തടയണ നിർമിച്ചാണു പദ്ധതി.

നേര്യമംഗലം പാംബ്ല റോഡിനോടു ചേർന്നു നീണ്ടപാറയിലെ വൈദ്യുതിനിലയത്തിൽ വെള്ളമെത്തിച്ച് 40 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കും. ആകെ നിർമാണച്ചെലവ് 188 കോടി രൂപ.

വാർഷികോൽപാദനം 99 ദശലക്ഷം യൂണിറ്റ്. ഇതുവരെ 17 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചു.

# വത്തിക്കാൻ, ഡൽഹി, ചെന്നൈ, ലണ്ടൻ എന്നിവിടങ്ങളിൽ ലോകമത പാർലമെന്റ്

**ശിവഗിരി :** ശ്രീനാരായണ ഗുരുദേവൻ ആലുവയിൽ നടത്തിയ പ്രഥമ സർവ്വമത സമ്മേളനത്തിൻറെ ശതാബ്ദി പ്രമാണിച്ച് വിവിധ രാജ്യങ്ങളിൽ വച്ച് ലോകമത പാർലമെൻറുകൾ നടക്കും. ശിവഗിരി മഠത്തിൻറെ ആഭിമുഖ്യത്തിൽ ഇതരഗുരുദേവ പ്രസ്ഥാനങ്ങളുടേയും സാമൂഹിക സംഘടനകളുടേയും സഹകരണത്തോടെ നടത്തപ്പെടുന്ന സമ്മേളനങ്ങളിൽ ലോകരാജ്യങ്ങളിലെ മത പ്രതിനിധികളും ശിവഗിരമഠത്തിലെ സന്യാസി ശ്രേഷ്ഠരും പങ്കെടുക്കും നവംബർ 29, 30, ഡിസംബർ 1 തീയതികളിൽ വത്തിക്കാനിൽ നടക്കുന്ന ലോകമത പാർലമെൻറിൽ സർവ്വാദരണീയനായ മതാധ്യക്ഷൻ മാർപാപ്പ പങ്കെടുക്കും എന്നതു എത്രയും മഹോന്നതമായ ഒന്നാണ്. ഹൈന്ദവ, ക്രൈസ്തവ, ഇസ്ലാം മതത്തിലെ മത നേതാക്കൻമാരും വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ നേതാക്കൻമാരുമായ150 പ്രതിനിധികൾ വത്തിക്കാൻ സമ്മേളനത്തിൽ ഭാരതത്തിൽനിന്നും പങ്കെടുക്കും. ഭാരതത്തിനു വെളിയിലുള്ള നിരവധി രാജ്യങ്ങളിലെ മതനേതാക്കൻമാരെ പങ്കെടുപ്പിക്കാനുള്ള ശ്രമങ്ങൽ നടന്നു വരികയാണ്. നവംബർ 21 നു മതസമന്വയസൗഹൃദസംഗമം ഉണ്ടാകും.

നവംബർ 30 നു മാർപാപ്പ പങ്കെടുക്കുന്ന മതസമ്മേളനം നടക്കും. പ്രതിനിധകൾക്ക് മാർപാപ്പയെ സന്ദർശിക്കുന്നതിനും അനുഗ്രഹം നേടുന്നതിനും അവസരമൊരുക്കും. ഡിസംബർ ഒന്നിന് റോമിലെ വിവിധ മതപ്രസ്ഥാനങ്ങലുടേയും ശ്രീനാരായണ സംഘടനകളുടേയും പ്രതിനിധികൾ പങ്കെടുക്കുന്ന സ്നേഹസംഗമം ഉണ്ടാകും.

ഡൽഹിയിൽ ശിവഗിരി തീർത്ഥാടന പ്ലാറ്റിനം ജൂബിലി ആഘോഷത്തിൻറെ ഭാഗമായി 2007 ഡിസംബർ 7,8 തീയതികളിൽ നടന്ന ലോകമത പാർലമെൻറിൻറെ ചുവടു പിടിച്ചാണ് ഡൽഹിയിൽ ലോകമത പാർലമെൻറ് സംഘടിപ്പിക്കുന്നത്. ശിവഗിരി മഠത്തിൻറെ ആഭിമുഖ്യത്തിൽ വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങൾ, ഡൽഹി പാഞ്ചജന്യം ഗ്രൂപ്പ് എന്നിവരാണ് മുഖ്യ സംഘാടകർ. ഡിസംബർ 8 നു സമ്മേളനത്തിൻറെ പ്രാരംഭം കുറിക്കപ്പെടും. ചെന്നൈയിൽ 2025 ഫെബ്രുവരിയിൽ സമ്മേളനം സംഘടിപ്പിക്കും.

ശിവഗിരി അഡ്വൈസറി ബോർഡ് അംഗവും പ്രശസ്ത വ്യവസായിയും ഗുരുദേവ ഭക്തനുമായ ഏ. വി. അനൂപ് മെഡിമിക്സ്, ബൈജു ഗോപാലൻ തുടങ്ങിയവർ മുഖ്യസംഘാടകരാകും. ശിവഗിരി ആശ്രമം ഓഫ് യു. കെ എന്ന ശിവഗിരിമഠത്തിന്റെ അഭിലിയേറ്റഡ് ആശ്രമത്തിൻറെ നേതൃത്വത്തിലാണ് മാർച്ച് അവസാനം ലോകമത പാർലമെൻറ് നടക്കും. വത്തിക്കാനിൽ നടക്കുന്ന സമ്മേളനം സംബന്ധിച്ച് സ്വാമി വീരേശ്വരാനന്ദ (9846999797), ചാണ്ടി ഉമ്മൻ എം. എൽ. എ, കെ. ജി. ബാബുരാജൻ എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# മാതൃശിശു ആരോഗ്യത്തിലും കുഞ്ഞുങ്ങളുടെ ശരിയായ വളർച്ച ഉറപ്പ് വരുത്തുന്നതിലും കേരളത്തിന്റേത് സമഗ്രമായ സമീപനം

**വാഷിംഗ്ടൺ ഡിസി:** വാഷിംഗ്ടൺ ഡിസിയിൽ നടന്ന വേൾഡ് ബാങ്കിന്റെ വാർഷിക യോഗത്തിൽ കേരളത്തിന് അഭിനന്ദനം. വേൾഡ് ബാങ്കിന്റെ വാർഷിക യോഗങ്ങളുടെ ഭാഗമായി കുട്ടികളിലെ പോഷകാഹാരവും വളർച്ചയും സംബന്ധിച്ച ചർച്ചാ വേദിയിലാണ് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജിനെ അഭിനന്ദനം അറിയിച്ചത്. മാതൃശിശു സംരക്ഷണ രംഗത്ത് കേരളം നടത്തുന്ന പ്രവർത്തനങ്ങളെയാണ് അഭിനന്ദിച്ചത്.

രാജ്യാന്തര തലത്തിൽ പ്രശസ്തയും ആഗോളതലത്തിൽ പുരസ്കാര ജേതാവുമായ പ്രമുഖ മാധ്യമ പ്രവർത്തകയും മോഡറേറ്ററും എഴുത്തുകാരിയുമായ റെഡി തൽഹാബിയ കേരളത്തെപ്പറ്റി കൂടുതൽ കാര്യങ്ങൾ മന്ത്രി വീണാ ജോർജിൽ നിന്നും ചോദിച്ചറിഞ്ഞു. 'മാതൃശിശു ആരോഗ്യത്തിലും കുഞ്ഞുങ്ങളുടെ ശരിയായ വളർച്ച ഉറപ്പ് വരുത്തുന്നതിലും കേരളത്തിന്റേത് സമഗ്രമായ സമീപനമാണ്. ആരോഗ്യ സുരക്ഷയും പോഷകാഹാരവും ഉറപ്പാക്കുന്നത് സംബന്ധിച്ച് കേരളത്തിന് രാഷ്ട്രങ്ങളോടും ഭരണകൂടങ്ങളോടും എന്താണ് പറയാനുള്ളത്? പ്രത്യേകിച്ച് കുഞ്ഞുങ്ങളുടെ വളർച്ചാ മുരടിപ്പ് എങ്ങനെ പരിഹരിക്കാം എന്നതിൽ...'




കുട്ടികളിലെ വളർച്ചക്കുറവിന്റെ തോത് ഗണ്യമായി കുറയ്ക്കാൻ ഈ കാലഘട്ടത്തിൽ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. അമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞ് രൂപപ്പെടുന്ന കാലഘട്ടം മുതൽ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും കുഞ്ഞിന്റെ വളർച്ചയ്ക്കും ആരോഗ്യ വകുപ്പും വനിത ശിശു വികസന വകുപ്പും നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ച് മന്ത്രി വീണാ ജോർജ് പറഞ്ഞു. 270 ദിവസം അമ്മയുടെ ഗർഭപാത്രത്തിൽ, 730 ദിവസം (കുഞ്ഞ് ജനിച്ച് കഴിഞ്ഞ് ആദ്യ രണ്ട് വർഷങ്ങൾ), ഈ ദിവസങ്ങളിൽ കുഞ്ഞിന്റേയും അമ്മയുടെയും ആരോഗ്യത്തിനായുള്ള പ്രത്യേക പരിപാടികൾ, പിന്നീട് കുഞ്ഞിന് മൂന്ന് വയസ് ആകുന്നത് വരെയുള്ള ന്യൂട്രീഷൻ സപ്ലിമെന്റ്, മൂന്ന് മുതൽ ആറു വയസ് വരെ അങ്കണവാടികളിൽ നൽകുന്ന മുട്ടയും പാലും ഉൾപ്പെടെയുള്ള പോഷകാഹാര പിന്തുണ, കുഞ്ഞ് ജനിച്ചയുടനെ നടത്തുന്ന ന്യൂബോൺ സ്ക്രീനിംഗ്, ആശമാരും ആർ.ബി.എസ്.കെ. നഴ്സുമാരും ഉൾപ്പെടെ കൃത്യമായ ഇടവേളകളിൽ ശാസ്ത്രീയമായി നടത്തുന്ന പരിശോധനകൾ, ഡിജിറ്റൽ ഡോക്യുമെന്റേഷൻ ഇവയെല്ലാം മന്ത്രി വിശദീകരിച്ചു.

സ്ക്രീനിങ്ങും പിന്തുണയും ഉറപ്പാക്കുന്നതിന് ആരോഗ്യ പ്രവർത്തകർ നടത്തുന്ന ഫീൽഡ് വർക്ക് സംബന്ധിച്ച് മന്ത്രി വീണാ ജോർജ് പറഞ്ഞത് ആവർത്തിച്ചു കൊണ്ടാണ് റെഡി തൽഹാബി അടുത്ത പാനലിസ്റ്റിലേക്ക് തിരിഞ്ഞത്. പിന്നീട് മോഡറേറ്റർ റെഡി തൽഹാബിക്ക് മന്ത്രിയിൽ നിന്ന് അറിയേണ്ടിയിരുന്നത് ഇതിന് പണം എങ്ങനെ കണ്ടെത്തുന്നു, ഗ്യാപ്പുകൾ എങ്ങനെ കണ്ടെത്തുന്നു എന്നതൊക്കെയായിരുന്നു. അവസാനത്തെ ചോദ്യവും മന്ത്രിയോടായിരുന്നു. ഒന്നര മിനിട്ടിനുള്ളിൽ പറയാമോ നിങ്ങൾക്ക് എങ്ങനെ ഇതൊക്കെ ഇപ്രകാരം സാധ്യമാകുന്നു? റെഡി തൽഹാബി ചോദിച്ചു. കാഴ്ചപ്പാട്, നയം, രാഷ്ട്രീയ ഇച്ഛാശക്തി, നിശ്ചയദാർഢ്യം ഇതിന് കേരളത്തിന് ചരിത്രപരവും സാമൂഹ്യവും രാഷ്ട്രീയവുമായ പശ്ചാത്തലവും കാരണവും ഉണ്ട് എന്നു കൂടി മന്ത്രി പറഞ്ഞു.

കുഞ്ഞുങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള അടിയന്തര ഇടപെടലിന് ലോക രാജ്യങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ടുള്ള ചർച്ചയിൽ പാകിസ്ഥാൻ ധനകാര്യ മന്ത്രി മുഹമ്മദ് ഔറംഗസേബ്, യൂറോപ്യൻ കമ്മീഷണർ ഫോർ ഇന്റർനാഷണൽ പാർട്ണർഷിപ്പ് ജുട്ടാ ഉർപ്പിലേനിയൻ, ഇക്വഡോർ ഡെപ്യൂട്ടി മിനിസ്റ്റർ ജുവാൻ കാർലോസ് പാലസിയോസ്, യൂണിസെഫ് എക്സിക്യൂട്ടീവ് ഡയറക്ടർ കാതറിൻ റസൽ, വേൾഡ് ബാങ്ക് സൗത്ത് റീജിയണൽ വൈസ് പ്രസിഡന്റ് മാർട്ടിൻ റെയ്സർ, ഈസ്റ്റ് ഏഷ്യ ആന്റ് പസഫിക് റീജിയണൽ വൈസ് പ്രസിഡന്റ് മാഹുവേല ഫെറോ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.



# ബൈസൈക്കിൾ ഡിസൈൻ: കുസാറ്റ് ടീം വീണ്ടും ഒന്നാമത്

**കൊച്ചി:** സൊസൈറ്റി ഓഫ് ഓട്ടോമോട്ടിവ് എൻജിനീയേഴ്സ് അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടത്തിയ ആറാമത് ബൈസൈക്കിൾ ഡിസൈൻ മത്സരത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് ഒന്നാം സ്ഥാനം. വിദ്യാർത്ഥികൾ ആയ ശ്രീകീർത്തി എൻ, ഇന്ദുലേഖ ടി .ആർ, റോച്ച് ജിജി, നിലീൻ സായന്ത് ഫിറോസ്, എ .എസ് അശ്വന്ത്, അഡ്വിൻ സി. ജെ, അഹമ്മദ് ഫാഷിം എന്നിവരടങ്ങുന്ന ടീം ആണ് ഈ അപൂർവ്വ നേട്ടം കൈവരിച്ചത്. അദ്ധ്യാപകനായ പ്രിയദർശി ദത്തിന്റെ നേതൃത്വത്തിൽ ആണ് വിദ്യാർത്ഥികൾ സേലത്ത് വച്ചു നടന്ന മത്സരത്തിൽ പങ്കെടുത്തത്.

സൈക്കിളിന്റെ ഡിസൈൻ, വേഗത, ബ്രേക്ക്, ഭാരം, യൂടേൺ എഫിഷ്യൻസി എന്നിവയിലെ പ്രാഗൽഭ്യം കണക്കാക്കിയാണ് വിജയിയെ തിരഞ്ഞെടുക്കുക. 30 ടീമുകളെ പിന്നിലാക്കിയാണ് കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിങ് ടീം ഒന്നാമത് എത്തിയത്.



# ഇന്ത്യയിലെ ഏറ്റവും വലിയ സ്പേസ് അൺകോൺഫറൻസ് സ്പേസ്അപ്പ് 24ന് കുസാറ്റ് വേദിയായി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ബഹിരാകാശ അൺകോൺഫറൻസായ സ്പേസ്അപ്പ്'24ന് കുസാറ്റ് വേദിയായി. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വച്ച് നടന്ന പരിപാടിയിൽ 600ലധികം പേർ പങ്കെടുത്തു.

ബഹിരാകാശ സംബന്ധിയായ വൈവിധ്യമാർന്ന പരിപാടികൾക്കും മികവുറ്റ പ്രോജക്റ്റുകൾക്കും പേരുകേട്ട സർവകലാശാലയുടെ ഏക എയ്റോസ്പേസ് ക്ലബ്ബായ കഞളട ടജ്ജഉട ഇഡടഅഠ സംഘടിപ്പിച്ച അൺകോൺഫറൻസ് രാവിലെ 9:15 ന് ആരംഭിച്ചു. കുസാറ്റ് രജിസ്ട്രാർ ഡോ.അരുൺ അധ്യക്ഷത വഹിച്ച ചടങ്ങ് ഗഗൻയാൻ മിഷൻ പ്രോജക്ട് ഹെഡ് ഡോ.മൂർത്തി റെമില്ല ഉദ്ഘാടനം ചെയ്തു. ഫാക്കൽറ്റി കോഓർഡിനേറ്റർ ഡോ.ബിജു എൻ സ്വാഗതം പറഞ്ഞു. സ്കൂൾ ഓഫ് എൻജിനീയറിങ് പ്രിൻസിപ്പൽ ഡോ.ശോഭ സൈറസ് ഉപഹാരവും നൽകി. അശ്വനി കൃഷ്ണയും പ്രണവ് ജയസൂര്യ പരിപാടിയിൽ പ്രസംഗിച്ചു.

ഒരു അൺകോൺഫറൻസ് ഫോർമാറ്റിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ടുമരലഡു'24 ആകർഷകമായ ടോക്ക് സെഷനുകൾ, ഇന്ററാക്ടീവ് വർക്ക്ഷോപ്പുകൾ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചു. തിരുവനന്തപുരത്തെ സെന്റർ ഫോർ സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ ശാസ്ത്രജ്ഞൻ ഡോ. ആർ. സതീഷ് തമ്പി,തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ പ്രൊഫസർ ഡോ. ഡി.ജഗദീപ്, ജെനെക്സ് സ്പേസിന്റെ സ്ഥാപകയായ നികിത ചാഡെ എന്നിവർ ഉൾപ്പെടെയുള്ള വിശിഷ്ട വിദഗ്ധരുടെ നേതൃത്വത്തിലായിരുന്നു വിവിധ സെഷനുകൾ. പരിപാടിയിൽ ഡോ. റെമില്ല മുഖ്യ പ്രഭാഷകയായി.

ഒരേസമയം മൂന്ന് വർക്ക്ഷോപ്പ് സെഷനുകൾ പങ്കെടുക്കുന്ന വർക്ക് സ്പെഷ്യലൈസ്ഡ്, ഹാൻഡ്ഓൺ പഠനത്തിനുള്ള അവസരങ്ങൾ ലഭിച്ചു. അമച്വർ ആസ്ട്രോഫോട്ടോഗ്രാഫറായ അമൽ എ.എസ്.യുടെ ആസ്ട്രോഫോട്ടോഗ്രാഫി വർക്ക്ഷോപ്പും പരിപാടിയുടെ ഭാഗമായി നടന്നു. സ്പെക്രുൾ സയന്റിഫിക്കിന്റെ സ്ഥാപകനായ ഡോ. യദു കൃഷ്ണയുടെ ശാസ്ത്ര ശിൽപശാല; കുസാറ്റിന്റെ സ്വന്തം പ്രൊജക്ട് ടീമായ മരുത്സാക്ക നടത്തിയ സാങ്കേതിക സെഷൻ എന്നിവ ബഹിരാകാശ പ്രേമികൾ, വ്യവസായ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ എന്നിവർക്ക് ആവേശമായി.

# ജൈവകൃഷിയിൽ തൊഴിൽ നൈപുണ്യ വികസനത്തിന് യുവജനങ്ങൾക്ക് പരിശീലനം

**കൊച്ചി:** കാർഷിക രംഗത്തെ തൊഴിൽനൈപുണ്യ വികസനത്തിന് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) യുവജനങ്ങൾക്ക് പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. കേന്ദ്ര സർക്കാറിന്റെ പ്രധാനമന്ത്രി കൗശൽ വികാസ് യോജനക്ക് കീഴിലാണ് പരിപാടി. ചെറുകിട ജൈവകർഷകൻ എന്ന പേരിൽ നടത്തുന്ന കോഴ്സിലൂടെ യുവജനങ്ങൾക്കിടയിൽ തൊഴിലവസരവും ഉപജീവനവും ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

ജൈവകൃഷി രീതികളിലെ പരിശീലനം 27 ദിവസം നീണ്ടു നിൽക്കും. കന്നുകാലി വളർത്തലുമായി സംയോജിപ്പിച്ചുള്ള ജൈവകൃഷി, ഫാം ബയോമാസിനെ ജൈവവളമാക്കി മാറ്റൽ, നിലമൊരുക്കൽ, വിള പരിപാലനം, ജൈവകീടനിയന്ത്രണ രീതികൾ, ജൈവ ഉൽപന്നങ്ങളുടെ വിപണന തന്ത്രങ്ങൾ എന്നീ മേഖലകളിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്. കാർഷിക മേഖലയിൽ സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകും.1

2ാം ക്ലാസ് പൂർത്തിയാക്കിയ 45 വയസ്സിന് താഴെയുള്ള എറണാകുളം ജില്ലയിൽ താമസക്കാരായവർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. നവംബർ രണ്ടാം വാരം മുതൽ സിഎംഎഫ്ആർഐയിൽ വെച്ച് നടക്കുന്ന പരിപാടിയിലേക്ക് 25 പേർക്കാണ് പ്രവേശനം. പരിശീലനത്തിന് ശേഷം അഗ്രികൾച്ചറൽ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മൂല്യനിർണം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. പങ്കെടുക്കുന്നതിന് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫോൺ 9400257798. പരിശീലനം സൗജന്യമാണ്.



**തേവര സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ സമാപനദിനത്തിൽ ദിവ്യബലി അർപ്പിക്കാൻ വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ ബലി വേദിയിലേക്ക് വരുന്നു. വികാരി ഫാ.ജൂഡിസ് പനക്കൽ, ഫാ. ജോൺ ക്യാപ്പിസ്റ്റൻ ലോപ്പസ് എന്നിവർ സമീപം.**

## തേവര പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ സമാപിച്ചു

**കൊച്ചി:** തേവര സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ സമാപനദിവസം ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ. ജോൺ ക്യാപ്പിസ്റ്റൻ ലോപ്പസ് വചനപ്രഘോഷണം നടത്തി.വികാരി ഫാ.ജൂഡിസ് പനക്കൽ സഹകർമികനായിരുന്നു.

## സൈക്കോളജിസ്റ്റ്; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന് കീഴിൽ എറണാകുളത്തെ കോമ്പാറയിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിലേക്ക്, സൈക്കോളജിസ്റ്റ് (ആഴ്ചയിൽ രണ്ട് ദിവസം) തസ്തികയിൽ അപേക്ഷ ക്ഷണിച്ചു.

കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കായിരിക്കും നിയമനം. യോഗ്യത എം.എസ്.സി സൈക്കോളജി/എംഎ സൈക്കോളജി. ശമ്പളം 12000 രൂപ. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവൃത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം നവംബർ അഞ്ചിന് മുമ്പായി നേരിട്ടോ hchildrenshome@gmail.com എന്ന മെയിൽ അഡ്രസിലേക്കോ അപേക്ഷ നൽകാം.ഫോൺ : 0484 2990744, 9405002183.

# സംസ്ഥാന കായിക മേള ഉദ്ഘാടനവേദി മഹാരാജാസ് കോളേജ് ഗ്രൗണ്ട്

**കൊച്ചി:** നവംബർ നാലിന് കൊച്ചിയിൽ ആരംഭിക്കുന്ന സംസ്ഥാന കായികമേളയുടെ ഉദ്ഘാടന വേദിയിൽ മാറ്റം. പുതുക്കിയ തീരുമാനമനുസരിച്ചു മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ഉദ്ഘാടന ചടങ്ങുകൾ വൈകിട്ട് നടക്കുമെന്നു വിദ്യാഭ്യാസ വകുപ്പു മന്ത്രി വി. ശിവൻകുട്ടി കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ ചേർന്ന മാധ്യമ പ്രതിനിധികളുടെ യോഗത്തിൽ അറിയിച്ചു.

നേരത്തെ കലൂർ ഇന്റർനാഷണൽ സ്റ്റേഡിയമായിരുന്നു നിശ്ചയിച്ചത്. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ വേദി മാറ്റാൻ തീരുമാനിക്കുകയായിരുന്നു. രണ്ടായിരത്തോളം ഭിന്നശേഷി കുട്ടികൾ കായികമേളയുടെ ചരിത്രത്തിൽ ആദ്യമായി മത്സരങ്ങൾക്കൊപ്പം പങ്കുചേരുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. 17 വേദികളിലായി 24000 ഓളം കുട്ടികൾ മത്സരിക്കും.

ദേശീയ നിലവാരത്തിൽ സംഘടിപ്പിക്കുന്ന ഉദ്ഘാടനദിവസം 3000 ഓളം കുട്ടികൾ പങ്കെടുക്കുന്ന കലാപരിപാടികൾ മഹാരാജാസ് കോളേജ് മൈതാനിയിൽ അരങ്ങേറും. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ മെഡൽ സമ്മാനിക്കും. ഈ മെഡൽ കഴിഞ്ഞദിവസം മുഖ്യമന്ത്രി പിണറായി വിജയൻ വകുപ്പിന് കൈമാറിയതായി മന്ത്രി അറിയിച്ചു. കായികമേളയുടെ പ്രചാരണം അറിയിച്ചുള്ള വിളംബര ജാഥകൾ കാസർകോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നു പുറപ്പെട്ട് മൂന്നിന് വൈകിട്ട് കൊച്ചിയിലെത്തും. പരിപാടിയുടെ പൂർണമായ വിജയത്തിനു മാധ്യമങ്ങളുടെ എല്ലാ പിന്തുണയും മന്ത്രി അഭ്യർഥിച്ചു. മാധ്യമങ്ങൾക്ക് സുഗമമായ കവറേജിനു സൗകര്യം ഒരുക്കുന്നതിന് എറണാകുളം പ്രസ്ക്ലബ് പ്രസിഡന്റും സെക്രട്ടറിയും ട്രഷറും ഉൾപ്പെട്ട മീഡിയ സമിതിക്കും രൂപം നൽകി. യോഗത്തിൽ വിവിധ മാധ്യമ പ്രതിനിധികൾ പങ്കെടുത്തു. പബ്ളിസിറ്റി കമ്മിറ്റി ചെയർമാൻ ടി ജെ വിനോദ് എംഎൽഎ മീഡിയ റൂം സംബന്ധിച്ചകാര്യങ്ങൾ വിശദീകരിച്ചു. പ്രധാന വേദിയായ മഹാരാജാസ് കോളേജിൽ ആയിരിക്കും മീഡിയ റൂം പ്രവർത്തിക്കുക. മാധ്യമപ്രവർത്തകർക്കു ഇവിടെ ഇരുന്നു വാർത്തകൾ നൽകാൻ വൈഫൈ ഉൾപ്പെടെ സൗകര്യം ഒരുക്കും. മത്സരം നടക്കുന്ന 17 വേദികളുമായി ബന്ധിപ്പിച്ച് നെറ്റ്‌വർക്ക് സംവിധാനവും ഉണ്ടാകും. കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ, ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ്, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, കേരള ഫുട്ബോൾ അസോസിയേഷൻ പ്രതിനിധി നവാസ് ബീരാൻ എന്നിവരും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

### വിജയികൾക്കു കിരീടങ്ങൾ നിർമിച്ചു മൂത്തേടത്ത് സ്കൂൾ

സ്കൂൾ കായികമേളയിൽ വിജയിക്കുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ഇക്കുറി ഒരു വ്യത്യസ്ത സമ്മാനം കൂടി ലഭിക്കും, വിജയകിരീടം. തളിപ്പറമ്പ് മൂത്തേടത്ത് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികളാണ് ഈ കിരീടം നിർമിച്ചത്. ഗ്രീസിലെ ഏഥൻസിൽ ആദ്യമായി ഒളിമ്പിക്സ് ആവിഷ്കരിക്കപ്പെട്ടപ്പോൾ സമ്മാനമായി നൽകിയ ഒലിവ് ചില്ലയുടെ കിരീടത്തിന്റെ പ്രതീകമായിട്ടാണ് സ്കൂൾ ഒളിമ്പിക്സ് വിജയികൾക്കും അത് സമ്മാനിക്കാൻ തീരുമാനിച്ചത്. സ്കൂൾ പ്രൊഡക്ഷൻ സെന്ററിലാണ് കിരീടങ്ങൾ നിർമിച്ചത്. സംസ്ഥാനത്ത് 250 ഓളം സ്കൂൾ പ്രൊഡക്ഷൻ സെന്ററുകളുണ്ട്. അത്തരത്തിലൊന്നാണ് മൂത്തേടത്ത് സ്കൂളിലുമുള്ളത്. കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ സെന്ററുകൾക്കുള്ളത്. മൂത്തേടത്ത് സ്കൂളിലെ പ്രൊഡക്ഷൻ സെന്ററുമായി ബന്ധപ്പെട്ട വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കപ്പെട്ട ആശയമായിരുന്നു കിരീടം. അങ്ങിനെ കുട്ടികൾ അധ്യാപകരുടെ പിന്തുണയോടെ ആവേശപൂർവം കിരീട നിർമാണം ഏറ്റെടുത്തു. 5700 കിരീടങ്ങളാണു മേളയ്ക്കായി രണ്ടാഴ്ചക്കുള്ളിൽ നിർമിച്ചത്.

വെൽവെറ്റ് ഉൾപ്പെടെയുള്ള ആകർഷകമായ തുണിയിലാണ് കിരീടം നിർമിച്ചത്. കിരീട നിർമാണത്തെ സഹായിക്കാൻ മാനേജ്മെന്റ് മൂന്നര ലക്ഷത്തോളം രൂപ മുടക്കി ഒരു യന്ത്രം തന്നെ വാങ്ങി. പ്രൊഡക്ഷൻ സെന്ററിന് സർക്കാർ സഹായമായി 6.27 ലക്ഷമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ 5 ലക്ഷം രൂപ പ്രാരംഭമായി ലഭിച്ചിരുന്നു.

ഇങ്ങനെ നിർമിച്ച കിരീടം ഇന്നലെ കടവന്ത്ര സ്റ്റേഡിയത്തിൽ ചേർന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിക്ക് ഔപചാരികമായി കൈമാറി. സ്കൂളിൽ നിന്ന് പ്രവർത്തി പരിചയ വിഭാഗം അധ്യാപിക പി വി വർഷയുടെയും മറ്റ് അധ്യാപകരുടെയും നേതൃത്വത്തിൽ എട്ട്, ഒമ്പത് ക്ലാസുകാരായ 12 കുട്ടികളാണു കിരീടം കൈമാറാൻ എത്തിയത്. കുട്ടികളുടെയും അധ്യാപകരുടെയും അർപ്പണ മനോഭാവത്തെ മന്ത്രി അഭിനന്ദിച്ചു.

### പി ആർ ശ്രീജേഷ് ബ്രാൻഡ് അംബാസഡർ

ഹോക്കി താരം പി ആർ ശ്രീജേഷ് സംസ്ഥാന കായിക മേളയുടെ ബ്രാൻഡ് അംബാസഡർ ആയിരിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. കായികമേളയ്ക്ക് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പ് തയാറാക്കിയ വീഡിയോയിലെ ഭിന്നശേഷിക്കാരനായ താരം പ്രണവ് ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. സമാപന സമ്മേളനം നവംബർ 11 ന് വൈകിട്ട് മഹാരാജാസ് കോളേജ് മൈതാനിയിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ട്രോഫി സമ്മാനിക്കും.

# കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തി ദിശ യോഗം

**കൊച്ചി:** ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 202425 വർഷത്തെ ഒന്നാംപാദ ജില്ലാതല കോർഡിനേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി (ദിശ ) യോഗം എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്നു. ഹൈബി ഈഡൻ എം പി യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തി.

ജില്ലയിൽ അമൃത് പദ്ധതിയുടെ ഭാഗമായിട്ടുള്ള ജലസംഭരണികൾ പല സ്ഥലത്തും നിർമിച്ചിട്ടുണ്ടെങ്കിലും ടാങ്കുകൾ ഉപയോഗ ശൂന്യമായി കിടക്കുന്നതിൽ എം പി അതൃപ്തി രേഖപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയോജിത ഇടപെടലിലൂടെ ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തരമായി 190 എം എൽ ഡി പ്ലാന്റുകൾ പൂർണ്ണമാക്കുന്നതിനു നടപടികൾ സ്വീകരിക്കണമെന്ന് എം പി അഭിപ്രായപ്പെട്ടു.

കേന്ദ്ര സർക്കാരിന്റെ പുതിയ നിർദേശപ്രകാരം എം പി ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രൊപ്പോസൽ ഇ സാക്ഷി പോർട്ടലിലൂടെ രേഖപ്പെടുത്തേണ്ടതുണ്ട്.

ഇതിനായുള്ള നടപടിക്രമങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കണമെന്നും എം പി പറഞ്ഞു

യോഗത്തിൽ റവന്യൂ റിക്കവറി വിഭാഗം ഡെപ്യൂട്ടി കളക്ടർ വി ഇ അബ്ബാസ്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ പി എച്ച് ഷൈൻ, നിർവഹണ ഉദ്യോഗസ്ഥർ , ജന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഇടത് വലുത് പാർട്ടികൾ ഭരിക്കുന്ന പഞ്ചായത്തുകളിൽ അഴിമതിയും കൊള്ളരുതായ്മയും: സാബു ജേക്കബ്

**കിഴക്കമ്പലം :** സംസ്ഥാനത്തുള്ള ഇടത് വലുത് പാർട്ടികൾ ഭരിക്കുന്ന പഞ്ചായത്തുകളിൽ നടക്കുന്നത് മുഴുവൻ അഴിമതിയും കൊള്ളരുതായ്മയും ആണെന്ന് ട്വന്റി 20 പാർട്ടി പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ് കുന്നത്തുനാട് പ ബായത്ത് ട്വിന്റി 20 കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായി അദ്ദേഹം. അഴിമതി നടത്തുന്നത് ആരു തന്നെയായാലും തന്റെ പാർട്ടിയായാലും വച്ചു പൊറുപ്പിക്കില്ലെനും അവരുടെ സ്ഥാനം അറമ്പിക്കടല ണെന്നും തന്റെ പാർട്ടിലെ അഴിമതിക്കാരിയായ പ്രസിഡന്റ്റിനെ അവിശ്വാസത്തിലൂടെ പുറത്താക്കിയ സംസ്ഥാനത്തെ ഏക പാർട്ടിയാണ് ട്വന്റി 20 എന്നും സാബു ജേക്കബ് പറഞ്ഞു.

ഇതു വരെ പാർട്ടിക്കു വേണ്ടി 400 കോടി രൂപയോളം ചിലവഴിച്ചതായി ട്വന്റി 20 ഭരിക്കുന്ന നീക്കിയിരപ്പില്ലാത്ത 4 ഓളം പഞ്ചായത്തിൽ കോടികൾ മാറ്റിവയ്ക്കാൻ കഴിഞ്ഞതായും സാബു ജേക്കബ് പറഞ്ഞു.

കഴിഞ്ഞ ദിവസം കുന്നത്തുനാട് പഞ്ചായത്ത് പ്രസി ഡന്റ് നിതാമോളെ പ്രതിപക്ഷവുമായി കൂട്ട് നിന്ന് അഴിമതി നടത്തിയതിന് മെമ്പർമാർ ചേർന് അവിശ്വശ്വാസ പ്രമേയത്തിലൂടെ പ്രസിഡന്റ് സ്ഥാനത്തു നിന്ന് പുറത്താക്കിയിരുന്നു.

പഞ്ചായത്തു ന്റെ കീഴിലുള്ള കിൻഫ്ര റബർ പാർക്കിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും നികുതി വെട്ടിപ്പ് നടന്നതായി കണ്ടെത്തി എല്ലാം സ്ഥാപനങ്ങൾക്കും കോടതി മുഖാന്തിരം തുക അടയ്ക്കാനായി നോട്ടീസ് അയച്ചതായി സാബു എം ജേക്കബ് പറഞ്ഞു ഏകദേശം മൂന്നരകോടിയോളം രൂപയുടെ ടാക്സ് വെട്ടി പ്പാണ് ട്വന്റി 20 പുറത്തു കൊണ്ടുവന്നത് ഇക്കൂട്ടത്തിൽ പഞ്ചായത്ത് പ്രദേശത്തുള്ള ഒരു പ്രമുഖ മെഡിക്കൽ ആശുപത്രിയും പെടും ഇതിൽ അനധികൃത നിർമ്മാണവും പെടും.

വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പു മായി ബന്ധപ്പെട്ട് 50ഓളം നിയോജക മണ്ഡലങ്ങളിൽ കമ്മറ്റികൾ രൂപികരിച്ചതായും ട്വന്റി 20 പാർട്ടി വൈസ്പ്രസിഡന്റ് വി ഗോപകുമാർ പറഞ്ഞു.

ചടങ്ങിൽ കുന്നത്തുനാട് പഞ്ചായത്തി ൽ സ്വന്തം പാർട്ടി പ്രസിഡന്റിനെ അവിശ്വാസത്തിലൂടെ പുറത്താക്കിയ പഞ്ചായത്തിലെ പത്തോളം മെമ്പർമാരെ പൊന്നാട അണിയിച്ച് ആദരിച്ചു. പട്ടി മറ്റത്ത് വച്ച് സംഘടിപ്പിച്ച ട്വന്റി 20 ജനകീയ കൂട്ടായ്മയിൽ എ റണാകുളം ജില്ലാ കോർഡിനേറ്റർ സന്തോഷ് വർഗ്ഗീസ് സ്റ്റേറ്റ് കമ്മറ്റി എക്സി ക്യൂട്ടീവ് മെമ്പർ അഡ്വ ചാർളി പോൾ എനിവർ സംസാരിച്ചു. കുന്നത്തുനാട് നിയോജക മണ്ഡലം കമ്മിറ്റി സെക്രട്ടറി ജി ന്റോ ജോർജ് സ്വാഗതവും ജീബി എബ്രഹാം നന്ദിയും പറഞ്ഞു.

പട്ടി മറ്റത്ത് സംഘടിപ്പിച്ച ജനകിയ കൂട്ടായ്മയിൽ20,000 ത്തോളം പേർ പങ്കെടുത്തു.

# കളി കാര്യമാകും; കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കുന്നതും കുളിക്കുന്നതും എലിപ്പനിയ്ക്ക് കാരണമാകാം



എലി, പൂച്ച, നായ, കന്നുകാലികൾ എന്നിവയുടെ മൂത്രം കലർന്ന് മലിനമായ വെള്ളത്തിലും മണ്ണിലും എലിപ്പനി രോഗാണുക്കൾ ഉണ്ടാകാനിടയുണ്ട്.മലിനമായ മണ്ണുമായും ജലവുമായും സമ്പർക്കത്തിൽ വന്നാൽ കൈകാലുകൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകണം. മണ്ണും വെള്ളവുമായി നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുന്ന ജോലികൾ ചെയ്യുന്ന കർഷകർ, ക്ഷീര കർഷകർ, തൊഴിലുറപ്പ് ജോലികൾ ചെയ്യുന്നവർ, ശുചീകരണ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ചെമ്മീൻ മത്സ്യ സംസ്കരണ ജോലികൾ ചെയ്യുന്നവർ, റോഡ് പണി ചെയ്യുന്നവർ, ഹരിതകർമ്മസേന അംഗങ്ങൾ തുടങ്ങിയവരെല്ലാം തന്നെ ഉയർന്ന രോഗസാധ്യത ഉള്ളവരാണ്.ഇവർ ഉറപ്പായും ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശാനുസരണം ഡോക്സിസൈക്ലിൻ ഗുളിക കഴിച്ച് എലിപ്പനിയെ പ്രതിരോധിക്കേണ്ടതാണ് .

പണി ചെയ്യുമ്പോൾ കാലുറകളും കൈയുറകളും ധരിക്കുക. കൈകാലുകളിൽ മുറിവുണ്ടെങ്കിൽ മലിനമായ വെള്ളവുമായി സമ്പർക്കത്തിലാവാതെ സൂക്ഷിക്കണം.മലിനമായ മണ്ണിലും വെള്ളത്തിലും കുഞ്ഞുങ്ങൾ കളിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. കെട്ടിനിൽക്കുന്ന വെള്ളത്തിൽ മീൻ പിടിക്കാൻ ഇറങ്ങുന്നതും രോഗം പിടിപെടാനിടയാക്കും. രോഗസാധ്യത കൂടിയവർ, കുറഞ്ഞവർ എന്നുള്ള താരതമ്യത്തിനുമപ്പുറം, മഴക്കാലത്ത് മലിനമായ മണ്ണും വെള്ളവുമായി സമ്പർക്കത്തിലാകാൻ സാധ്യത കൂടുതലുള്ള സാഹചര്യമുള്ളതിനാൽ എല്ലാവരും ശ്രദ്ധിക്കണം.

പനി , പേശീവേദന, കഠിനമായ ക്ഷീണം തുടങ്ങിയ രോഗലക്ഷണങ്ങളുണ്ടായാൽ എലിപ്പനി സംശയിക്കേണ്ടതും ഉടൻ ചികിത്സ തേടേണ്ടതുമാണ്. മലിനമായ മണ്ണും വെള്ളവുമായി സമ്പർക്കത്തിലായ

സാഹചര്യത്തെക്കുറിച്ച് ഡോക്ടറോട് പറയേണ്ടതുമാണ്.കേവലം തലവേദന , പേശീവേദന തുടങ്ങിയ ലക്ഷണങ്ങൾ എന്ന മട്ടിൽ അവഗണിക്കുകയോ സ്വയം ചികിത്സയുടെ ഭാഗമായി വേദനസംഹാരികൾ പോലെയുള്ള മരുന്നുകൾ കഴിക്കുകയോ ചെയ്താൽ വളരെ പെട്ടെന്ന് എലിപ്പനി രോഗബാധ ഗുരുതരമാകുകയും വൃക്ക, കരൾ തുടങ്ങിയ ആന്തരികാവയവങ്ങളെ സാരമായി ബാധിച്ചു മരണകാരണമാകുകയും ചെയ്യും.നിർദ്ദേശങ്ങൾ നിസ്സാരമായി കാണാതെ കഴിയുന്നത്രയും പേരിൽ ഈ സന്ദേശമെത്തിക്കുക.

യഥാസമയം ശരിയായ ചികിത്സ തേടാൻ ഒട്ടും അലംഭാവം കാണിക്കരുതെന്ന അറിവ് ഒരാളെ മരണത്തിൽ നിന്നായിരിക്കും രക്ഷിക്കുക!



# എറണാകുളം ജില്ലാ ജിംനാസ്റ്റിക് ചാംപ്യൻഷിപ് നടന്നു

**കൊച്ചി:** എറണാകുളം ജിംനാസ്റ്റിക്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കടവന്ത്ര റീജിയനൽ സ്പോർട്സ് സെന്ററിൽ വച്ച് മൂന്നാമത് എറണാകുളം ജില്ലാ ജിംനാസ്റ്റിക് ചാമ്പ്യൻഷിപ്പ് 2024 സംഘടിപ്പിച്ചു. എറണാകുളം ജിംനാസ്റ്റിക് അസോസിയേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അക്കാഡമികളിൽ നിന്ന് നൂറിലധികം വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുത്തു. ആർട്ടിസ്റ്റിക് മെൻസ് വിഭാഗത്തിൽ അണ്ടർ 12, അണ്ടർ 10 എന്നീ കാറ്റഗറിയിൽ ഫ്ളോറും വോൾട്ടും മത്സരങ്ങൾ നടന്നു. വിമൻസ് ആർട്ടിസ്റ്റിക് ജിംനാസ്റ്റിക്സിൽ ജൂനിയർ, അണ്ടർ 13, അണ്ടർ 10 എന്നീ കാറ്റഗറിയിൽ ഫ്ലോർ, ബീം എന്നീ മത്സരങ്ങൾ നടന്നപ്പോൾ അണ്ടർ 8 കാറ്റഗറിയിൽ ഫ്ലോർ മത്സരങ്ങൾ നടന്നു. റിഥമിക് ജിംനാസ്റ്റിക്സിൽ അണ്ടർ 14 വിഭാഗത്തിൽ ഹൂപ്, ബോൾ, ക്ലബ്സ്, റിബൺ എന്നീ മത്സരങ്ങൾ നടന്നപ്പോൾ അണ്ടർ 11, അണ്ടർ 8 കാറ്റഗറികളിൽ ഹൂപ്, ബോൾ, ഫ്രീ ഹാൻഡ് എന്നീ മത്സരങ്ങൾ നടന്നു.

ജിംനാസ്റ്റിക് അസോസിയേഷൻ കേരള പ്രസിഡന്റ് യു തിലകൻ, ജിംനാസ്റ്റിക് അസോസിയേഷൻ കേരള സെക്രട്ടറിയും ഇന്റർനാഷണൽ ജഡ്ജുമായ ജിത്തു വി എസ്, ഏഷ്യൻ ജിംനാസ്റ്റിക്സ് യൂണിയൻ അംഗം സുമിത്ത് എം ആർ, ജിംനാസ്റ്റിക് അസോസിയേഷൻ കേരള ട്രഷറർ അശോകൻ, ജിംനാസ്റ്റിക് അസോസിയേഷൻ കേരള വൈസ് പ്രസിഡണ്ട്മാരായ ഡി ജയകുമാർ, കെ രാവണൻ, എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ സെക്രട്ടറി ദേവാനന്ദ്, എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ ട്രഷറർ സജീവ് നായർ, സ്പോർട്സ് കൗൺസിൽ അംഗം ജോയ് പോൾ, എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ സ്പോർട്സ് കൗൺസിൽ പ്രതിനിധി മേരി ജോർജ് തോട്ടം എന്നിവർ സംസാരിച്ചു.

# ഡ്രെഡ്ജ്ഡ് മെറ്റീരിയൽസ് ലേലം

**കൊച്ചി:** ജില്ലയിൽ ദേശീയ ജലപാത മൂന്നിൽ തേവര ഫെറിയിൽ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നടത്തിവരുന്ന ഡ്രെഡ്ജിങ്ങിനോട് അനുബന്ധിച്ച് ലഭിച്ചിട്ടുള്ള ഡ്രെഡ്ജ്ഡ് മെറ്റീരിയൽസ് പുനർ ലേലം ചെയ്യുന്നു. നവംബർ 13 ന് രാവിലെ 11 ന് കുമ്പളം പഞ്ചായത്തിൽ ഒന്നാം വാർഡിലെ ബോട്ട് ജെട്ടിക്ക് സമീപമാണ് ലേലം. ഫോൺ 04842422230.

# ഡോളോമൈറ്റും നീറ്റുകക്കയും കിട്ടാനില്ല; കർഷകർ നിരാശയിൽ

**എടത്വ:** കുട്ടനാട്ടിൽ പുഞ്ചകൃഷിയുടെ വിതയിറക്ക് ആരംഭിച്ചിട്ടും ഡോളോമൈറ്റും നീറ്റ് കക്കയും കിട്ടാനില്ല. പാടത്തെ അമ്ലരസം കർഷകർക്കു വിനയാകുന്നു. കുട്ടനാട്ടിൽ പുഞ്ചകൃഷി സീസൺ ആരംഭിക്കുന്നതോടെ 75 ശതമാനം സബ്സീഡിയിൽ ഡോളോമൈറ്റും നീറ്റ് കക്കയും സർക്കാർ വിതരണം ചെയ്തിരുന്നു.

കഴിഞ്ഞ സീസൺ മുതലാണ് ഡോളോമൈറ്റിനും നീറ്റ് കക്കയ്ക്കും ക്ഷാമം അനുഭവപ്പെടാൻ തുടങ്ങിയത്. കഴിഞ്ഞവർഷം ഏതാനും കർഷകന് ഡോളോമൈറ്റും നീറ്റ്കക്കയും ലഭിച്ചിരുന്നെങ്കിൽ ഇക്കുറി വിതരണം ചെയ്തിട്ടില്ല.

കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ പാടത്ത് അമ്ലരസം കൂടുതലാണ്. വിളവെടുത്ത ശേഷം ഏഴു മാസത്തിലേറെ വെള്ളം കയറ്റി മുക്കിയിടുന്ന പാടത്ത് അമ്ലരസം ഇളകും. കൃഷിയിറക്കിന് വറ്റിക്കുന്നതോടെ പാടത്ത് കെട്ടിക്കിടക്കുന്ന വെള്ളത്തിന് മുകളിൽ പാടപോലെ അമ്ലരസം പടരും. ട്രില്ലർ അടിച്ച ശേഷം അമ്ലരസം രൂക്ഷമായി തീരും.

ഇങ്ങനെയുള്ള പാടങ്ങളിൽ വിതയിറക്കിയാൽ ഞാറ് കരിച്ചിൽ അനുഭവപ്പെടുകയും പ്രാരംഭ ഘട്ടത്തിൽ തന്നെ കൃഷിനാശം സംഭവിക്കുകയും ചെയ്യാറുണ്ട്. രണ്ടു ഘട്ടമായാണ് ഡോളോമൈറ്റും നീറ്റുകക്കയും പാടത്ത് വിതറുന്നത്. പാടം പറ്റിച്ച് ട്രില്ലർ അടിച്ചതിനുശേഷവും നെൽച്ചെടി 25 ദിവസത്തിൽ എത്തിയതിന് മുൻപുമാണ് ഡോളോമൈറ്റോ നീറ്റുകക്കയോ വിതറുന്നത്.ഡോളോമൈറ്റ് ഏക്കറിന് 120 കിലോ വീതമാണ് പാടത്ത് വിതറേണ്ടത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# അസ്ട്രെക് ഇനോവേഷൻസിന് ഡിആർഡിഒ പുരസ്ക്കാരം

**കൊച്ചി:** പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിആർഡിഒയുടെ ഡെയർ ടു ഡ്രീം അവാർഡിൻറെ 'എക്സ്പ്ലോറിംഗ് അൺതിങ്കബിൾ ആൻഡ് അൺഇമാജിനബിൾ' വിഭാഗത്തിൽ കേരളത്തിൽ നിന്നുള്ള അസ്ട്രെക് ഇനോവേഷൻസ് പുരസ്ക്കാരം നേടി. ഡൽഹിയിൽ നടന്ന ചടങ്ങിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗിൽ നിന്നും അസ്ട്രെക് ഇനോവേഷൻസ് സിടിഒ അലക്സ് എം സണ്ണി പുരസ്ക്കാരം ഏറ്റുവാങ്ങി.

അസ്ട്രെക് ഇനോവേഷൻസിൻറെ എക്സോസ്കെലറ്റൻ സാങ്കേതികവിദ്യയാണ് ഡിആർഡിഒ പുരസ്ക്കാരം നേടാൻ കമ്പനിയെ സഹായിച്ചത്. ആരോഗ്യ ഉത്പന്നമായാണ് ഇത് പുറത്തിറക്കിയതെങ്കിലും സേനാവിഭാഗങ്ങൾക്കുള്ള ആവശ്യങ്ങൾക്കായി ഇതിനെ മാറ്റിയെടുക്കുകയായിരുന്നു.

സൈനികരുടെ മികവ് വർധിപ്പിക്കാനും ശാരീരിക വിഷമതകൾ കുറയ്ക്കാനും പ്രവർത്തനമികവ് കൂട്ടാനും ഇതിലൂടെ സാധിക്കും. രാജ്യത്തിൻറെ പ്രതിരോധമേഖലയിൽ മികച്ച സംഭാവനകൾ നൽകാൻ ലഭിച്ച ഈ അവസരം അഭിമാനകരമാണെന്ന് അസ്ട്രെക് ഇനോവേഷൻ സഹസ്ഥാപകനും സിഒഒയുമായ ജിതിൻ വിദ്യ അജിത് പറഞ്ഞു.മേക്ക് ഇൻ ഇന്ത്യ പദ്ധതിയിലൂടെ സേനാവിഭാഗങ്ങൾക്കായി അത്യാധുനിക സാങ്കേതികവിദ്യ പ്രാദേശികമായി തന്നെ ലഭ്യമാക്കാനുള്ള ആശയത്തിന് അടുത്തു നിൽക്കുന്നതാണ് അസ്ട്രെക്കിൻറെ കാഴ്ചപ്പാടെന്ന് അദ്ദേഹം പറഞ്ഞു.

ഹെൽത്ത് കെയർ സാങ്കേതികവിദ്യ മുതൽ പ്രതിരോധസാങ്കേതികവിദ്യ വരെയുള്ള വൈവിദ്ധ്യങ്ങളാർന്ന ഉത്പന്ന നിർമ്മാണത്തിന് അസ്ട്രെക്കിന് ശേഷിയുണ്ട്. ഈ മേഖലയിലെ നിർമ്മാണപദ്ധതികളിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരാനാണ് ശ്രമമെന്നും ജിതിൻ പറഞ്ഞു.

# കാപ്കോസിന് 74 കോടിയുടെ ധനസഹായം

**തിരുവനന്തപുരം:** നെൽകർഷകരുടെ തീരാദുരിതത്തിന് പരിഹാരമായി സഹകരണമേഖലയിൽ തുടങ്ങിയ കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് (കാപ്കോസ്) നബാർഡിന്റെ ധനസഹായം ലഭിച്ചു.

നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രകച്ചറൽ ഡെവലപ്പ് മെന്റ് ഫണ്ട് (ആർ. ഐ. ഡി. എഫ്) പദ്ധതി പ്രകാരമുള്ള 74 കോടി രൂപയുടെ ധനസഹായമാണ് കാപ്കോസിന് അനുവദിച്ചതെന്ന് സഹകരണ തുറമുഖ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പത്രക്കുറിപ്പിൽ അറിയിച്ചു. സർക്കാർ ഗ്യാരന്റിയിലാണ് വായ്പ അനുവദിച്ചിരിക്കുന്നത്.

കാപ്കോസിന്റെ പദ്ധതിക്ക് പത്തുകോടി രൂപ സംസ്ഥാന സർക്കാരിന്റെ ധനസഹായമാണ്. ഇതിൽ ഒരു കോടി രൂപ അനുവദിച്ചു കഴിഞ്ഞു. ആറുകോടി 33 ലക്ഷം രൂപ 48 സംഘങ്ങളിൽ നിന്ന് ഓഹരിയായി ലഭിച്ചിട്ടുണ്ട്. സംഘത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപയും സഹകരണ വകുപ്പ് അനുവദിച്ചിരുന്നു.

സംസ്ഥാനത്ത് പാലക്കാട് ഒഴികെ എല്ലാ ജില്ലകളും പ്രവർത്തന പരിധിയായുള്ള കാപ്കോസിന്റെ ആദ്യമില്ലിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റുമാനൂർ കിടങ്ങൂർ കൂടല്ലൂർ കവലയ്ക്ക് സമീപം പത്തേക്കർ ഭൂമിയിൽ ആരംഭിച്ചു കഴിഞ്ഞു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് നിർമ്മാണ ചുമതല.

പതിനെട്ട് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്കാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. നൂതനമായ സാങ്കേതിക വിദ്യയിൽ അധിഷ്ഠമായ മില്ലാണ് നിർമ്മിക്കുന്നത്. ഇവിടെ 50,000 മെട്രിക് ടൺ നെല്ല് പ്രതിവർഷം സംസ്ക്കരിക്കാൻ സാധിക്കും. നെല്ല് സംഭരിക്കുന്ന വെയർഹൗസിന് പകരം 3500 ടൺ ശേഷിയുള്ള 8 ആധുനിക സൈലോകളാണ് സ്ഥാപിക്കുക.

നെല്ലുസംഭരണത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധികൾ മനസിലാക്കിയാണ് സഹകരണമേഖലയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചത്. റൈസ് മില്ലിന്റെ നിർമാണം പതിനെട്ടുമാസത്തിനുള്ളിൽ പൂർത്തികരിച്ച് അരി ജനങ്ങൾക്ക് എത്തിക്കുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ഈ മില്ല് പൂർത്തിയാകുന്നതോടെ അപ്പർ കുട്ടനാട് മേഖലയിലെ നെല്ലു സംസ്കരണത്തിൽ സർക്കാർ ഇടപെടൽ കൂടുതൽ ശക്തമാവുമെന്നും കാപ്കോസ് നെൽകർഷകരുടെ കണ്ണീരൊപ്പുന്ന സ്ഥാപനമായി മാറുമെന്ന് സഹകരണതുറമുഖ വകുപ്പു മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

# കുട്ടനാടൻ ബ്രാൻഡ് കുത്തരി വിപണിയിലെത്തിക്കാൻ പദ്ധതി; സമഗ്ര പദ്ധതിരേഖ പ്രകാശനം ചെയ്തു

**ആലപ്പുഴ:** കുട്ടനാടൻ കുത്തരി കായൽ രത്ന എന്ന പേരിൽ വിപണിയിലെത്തിക്കാനുള്ള ശ്രമം തുടങ്ങി. ജില്ലാ ഭരണകൂടം ചങ്ങനാശേരി എസ്ബി കോളജിലെ കൺസൽറ്റൻസി സെല്ലിന്റെ സഹായത്തോടെ തയാറാക്കിയ പദ്ധതിരേഖ മന്ത്രി പി.പ്രസാദ് പ്രകാശനം ചെയ്തു.ജില്ലയിലെ തിരഞ്ഞെടുത്ത പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്ന നെല്ല് 'കായൽ രത്ന' എന്ന ബ്രാൻഡിൽ അരിയാക്കി വിപണിയിൽ എത്തിക്കുകയാണു ലക്ഷ്യം.



ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ കുടുംബശ്രീ മിഷൻ വഴിയാണു പദ്ധതി നടപ്പാക്കുക. ആദ്യഘട്ടത്തിൽ 135 ഹെക്ടറിൽ നിന്നുള്ള ജ്യോതി ഇനം നെല്ലാണ് സംഭരിക്കുക. സംഭരിക്കുമ്പോൾ തന്നെ കർഷകർക്ക് വില നൽകും. നിശ്ചിത അളവിൽ തവിട് നിലനിർത്തിയാണ് അരി വിപണിയിലിറക്കുക.പദ്ധതിരേഖയുടെ പ്രകാശനച്ചടങ്ങിൽ കലക്ടർ അലക്സ് വർഗീസ്, പി.പി.ചിത്തരഞ്ജൻ, എസ്ബി കോളജ് ഡീൻ ഡോ. മാത്യു ജോസഫ്, എഡിഎം ആശ സി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

# വിദേശ വാണിജ്യ വായ്പകളിലൂടെ മുത്തൂറ്റ് ഫിനാൻസ് 400 ദശലക്ഷം ഡോളർ സമാഹരിച്ചു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ആഗോള മീഡിയം ടേം നോട്ട് പ്രോഗ്രാമിനു കീഴിലുള്ള സീനിയർ സെക്യേർഡ് നോട്ടുകൾ വഴി 400 മില്യൺ ഡോളർ സമാഹരിച്ചു. ഏകദേശം 3350 കോടി രൂപയ്ക്ക് തുല്യമായ തുകയാണിത്.റിസർവ് ബാങ്കിൻറ വിദേശ വാണിജ്യ വായ്പകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചുള്ള ഈ സമാഹരണത്തിൽ ലോകമെമ്പാടുമുള്ള 125ൽ ഏറെ നിക്ഷേപകരാണു പങ്കെടുത്തത്.

6.375 ശതമാനമാണ് ഇതിൻറെ കൂപ്പൺ നിരക്ക്. ഈ നോട്ടുകൾ ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലുള്ള എൻഎസ്ഇ ഇൻറർനാഷനൽ ഇക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്തു.ഡ്യൂഷെ ബാങ്കും സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കുമാണ് ഇഷ്യൂവിൻറെ ഏർപ്പാടുകാരും ഡീലർമാരും.ആഗോള നിക്ഷേപകരുമായുള്ള തങ്ങളുടെ സഹകരണം കൂടുതൽ ശക്തമാക്കുന്നതാണ് ഈ സമാഹരണമെന്നും, കൂടുതൽ വായ്പകൾ വിതരണം ചെയ്യാനും നിക്ഷേപനിര വിപുലമാക്കാനും ഇത് കമ്പനിയെ സഹായിക്കുമെന്നും മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. മുത്തൂറ്റ് ഫിനാൻസ് 2019ൽ 450 മില്യൺ ഡോളറും 2020ൽ 550 മില്യൺ ഡോളറും സമാഹരിച്ചു. യഥാക്രമം ഇത് 2022ലും 2023ലും നിശ്ചിത തീയതികളിൽ തിരിച്ചടച്ചു. നടപ്പ് സാമ്പത്തിക വർഷം കമ്പനി 7.125 ശതമാനം കൂപ്പണിൽ 3.75 വർഷത്തേക്ക് ഇതേ രീതിയിൽ 750 മില്യൺ ഡോളർ സമാഹരിച്ചു.

# അയേൺമാൻ 70.3യുമായി പങ്കാളിത്തവുമായി ഹെർബാലൈഫ് ഇന്ത്യ

**ഗോവ:** ആരോഗ്യ, ക്ഷേമ കമ്പനിയും, കമ്മ്യൂണിറ്റി, പ്ലാറ്റ്ഫോമുമായ ഹെർബാലൈഫ് അയേൺമാൻ 70.3 ഇന്ത്യയുമായി തുടർച്ചയായ മൂന്നാം വർഷവും പങ്കാളിത്തത്തിലേർപ്പെടുന്നതായി പ്രഖ്യാപിച്ചു. പ്രീമിയം സ്പോർട്സ് പോഷകങ്ങളിലൂടെ കായിക താരങ്ങളുടെ പ്രകടനത്തെ പിന്തുണയ്ക്കുന്നതിൽ ഹെർബാലൈഫിനുള്ള പ്രതിബദ്ധതക്ക് അടിവരയിടുകയാണ് ഈ കരാറിലൂടെയെന്ന് ഹെർബാലൈഫ് ഇന്ത്യയുടെ സെയിത്സ്, മാർക്കറ്റിങ്ങ് വൈസ് പ്രസിഡന്റും അസോസിയേറ്റ് കമ്മ്യൂണിക്കേഷൻസുമായ പാഞ്ചാലി ഉപാദ്ധ്യായ പറഞ്ഞു,ലോക ട്രയാത്‌ലൺ കോർപ്പറേഷനുമായി (ഡബ്ലിയു ടി സി) അഫിലിയേറ്റ് ചെയ്തിരിക്കുന്ന പ്രമുഖ ദീർഘദൂര ട്രയാത്‌ലൺ പരിപാടിയാണ് അയേൺമാൻ 70.3.

മൊത്തം 113കിലോമീറ്റർ ദൂരമാണ് ഈ മത്സരത്തിൽ കവർ ചെയ്യുന്നത്. ഇതിൽ 1.9 കിലോമീറ്റർ നീന്തലും 90 കിലോമീറ്റർ ബൈക്ക് റൈഡും 21.1 കിലോമീറ്റർ ഓട്ടവുമാണ് ഉൾപ്പെടുന്നത്. ഗോവയുടെ പ്രകൃതിരമണീയതയുടെ പശ്ചാത്തലത്തിലാണ് ഈ മത്സരം നടക്കാൻ പോകുന്നത്. കായിക താരങ്ങൾക്ക് അസാധാരണമായ അനുഭവവും കായികക്ഷമതയുടെ പരമാവധി പ്രകടനം കാഴ്ച്ചവയ്ക്കുവാനുള്ള അവസരവുമാണ് ഇത് ലഭ്യമാക്കുക. മത്സരവേളയിൽ കായിക താരങ്ങൾക്ക് പോഷകങ്ങളിലൂടെ പിന്തുണ നൽകുകയാണ് ഹെർബാലൈഫ് ചെയ്യുക. പരമാവധി പ്രകടനം കാഴ്ച്ചവയ്ക്കാൻ ആവശ്യമായതും നിർജ്ജലീകരണത്തിൽ നിന്നും ആശ്വാസം നൽകുന്നതുമായ ഉൽപ്പന്നങ്ങൾ കായിക താരങ്ങൾക്ക് ലഭിക്കുന്നു എന്ന് ഇതിലൂടെ ഉറപ്പാക്കും. ആരോഗ്യം, ക്ഷേമം എന്നിവയോടുള്ള സമഗ്രമായ സമീപനത്തിന്റെ ഭാഗമായി വ്യായാമത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യമാണ് ഹെർബാലൈഫിന് ഉള്ളതെന്നും അദ്ദേഹം പറഞ്ഞു.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ വിജിലൻസ് വാരാചരണം

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ നവംബർ 3 വരെ വിജിലൻസ് ബോധവൽക്കരണ വാരം ആചരിക്കും. 'രാജ്യത്തിന്റെ സമൃദ്ധിക്കായി സമഗ്രതയുടെ സംസ്കാരം' എന്നതാണ് വിജിലൻസ് വാരാചരണത്തിന്റെ വിഷയം.

യുവാക്കൾ, സ്ത്രീകൾ, ജീവനക്കാർ, അവരുടെ കുടുംബാംഗങ്ങൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ പബ്ലിക് ഇന്ററസ്റ്റ് ഡിസ്ക്ലോഷർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ഇൻഫൊർമെർ (പിഐഡിപിഐ), ജാഗ്രത, ധാർമ്മികത എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക ഉൾപ്പടെ, വിഷയത്തിന്റെ പ്രചരണത്തിനായി സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തും.



## ആഗോള നിക്ഷേപക സംഗമം

# എവിജിസിഎക്സ് ആർ പ്രത്യേക മേഖലയായി പരിഗണിക്കും പി രാജീവ്

**കൊച്ചി:** ജനുവരിയിൽ നടക്കാൻ പോകുന്ന ആഗോള നിക്ഷേപക സംഗമത്തിൽ അനിമേഷൻ വിഷ്വൽ ഇഫക്ട്സ് ഗെയിമിംഗ് കോമിക്സ് എക്സ്റ്റൻഡഡ് റിയാലിറ്റി വിഭാഗത്തിനെ പ്രത്യേക മേഖലയായി പരിഗണിക്കുമെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. ഇൻഫോപാർക്കിൽ ആരംഭിച്ച എവിജിസി എക്സർ (എവിജിസിഎക്സ് ആർ) അരീന സന്ദർശിക്കവെ വിവിധ കമ്പനികളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.സംസ്ഥാന സർക്കാരിൻറെ എവിജിസിഎക്സ് ആർ പോളിസിയുടെ ചുവടുപിച്ച് ഈ മേഖലയിലെ പ്രൊഫഷണലുകൾക്ക് മാത്രമായി കോവർക്കിംഗ് സ്പേസ് ആദ്യമായി ആരംഭിച്ചത് ഇൻഫോപാർക്കിലാണ്.ആഗോളനിലവാരത്തിലുള്ള മലയാളി പ്രതിഭകളാണ് ഇന്ന് ലോകത്തെ മുൻനിര അനിമേഷൻ മേഖലയിലുള്ളതെന്ന് മന്ത്രി പറഞ്ഞു. എവിജിസിഎക്സ് ആർ മേഖല കേരളത്തിൽ സജീവമാകുന്നതോടെ ഈ പ്രതിഭകൾ നമ്മുടെ നാട്ടിലേക്ക് തിരികെയെത്തും. കൂടുതൽ നിക്ഷേപം ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ആഗോള നിക്ഷേപക സംഗമത്തിൽ എവിജിസിഎക്സ് ആറിനെ പ്രത്യേകമായി പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ പ്രമുഖ സിനിമ നിർമ്മാണ കമ്പനികൾ ഫിലിം സിറ്റി തുടങ്ങാനായിട്ടുള്ള താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത്തരം ഫിലിം സിറ്റികളിൽ അനിമേഷന് പ്രത്യേക പ്രാധാന്യമുണ്ടാകും. എവിജിസിഎക്സ് ആർ മേഖലയിൽ വലിയ അവസരങ്ങളുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.എവിജിസിഎക്സ് ആറിന് വേണ്ടി മാത്രമായി സംസ്ഥാനത്ത് ആദ്യമായി തുടങ്ങിയ സംവിധാനമാണ് ഇൻഫോപാർക്കിലേതെന്ന് സിഇഒ സുശാന്ത് കുറുന്തിൽ ചൂണ്ടിക്കാട്ടി. എവിജിസിഎക്സ് ആറിലെ ഓരോ വിഭാഗത്തിനും വേണ്ടി പ്രത്യേകം സംവിധാനം ഉണ്ടാകുന്ന രീതിയിലേക്ക് വളർച്ച നേടാൻ ശ്രമിക്കും. എവിജിസിഎക്സ് ആർ വ്യവസായം ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ഇൻഫോപാർക്ക് പരമാവധി ശ്രമിക്കുമെന്നും അദ്ദേഹം ഉറപ്പ് നൽകി.2032 ആകുമ്പോഴേക്കും നിലവിലുള്ള 2,60,000 തൊഴിലവസരങ്ങളിൽ നിന്ന് 2.6 ബില്യൺ തൊഴിലവസരങ്ങളുള്ള മേഖലയായി എവിജിസിഎക്സ് ആർ മാറുമെന്ന് സൊസൈറ്റി ഓഫ് എവിജിസിഎക്സ് ആർ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (സൈക്ക്) സെക്രട്ടറി ശരത് ഭൂഷൺ പറഞ്ഞു. അടുത്ത അഞ്ചു വർഷങ്ങൾക്കുള്ളിൽ ഈ രംഗത്തു നിന്നുള്ള വരുമാനം നിലവിലുള്ള മൂന്ന് ബില്യൺ ഡോളറിൽ നിന്നും 26 ബില്യൺ ഡോളർ ആയി മാറും എന്നാണ് അനുമാനം. വരുന്ന രണ്ട് വർഷം ഈ മേഖലയിൽ വേണ്ട പിന്തുണ നൽകിയാൽ ഈ വിപണിയുടെ അഞ്ച് മുതൽ 10% വരെ കേരളത്തിന് നേടാമെന്നും അദ്ദേഹം പറഞ്ഞു.

# 45 ലക്ഷം പവർ ട്രെയിൻ യൂണിറ്റുകൾ നിർമിച്ച് റെനോ നിസാൻ ഓട്ടോമോട്ടീവ്

**കൊച്ചി:** ചെന്നൈയിലെ ഒറഗഡത്തുള്ള പ്ലാന്റിൽ 45 ലക്ഷം പവർട്രെയിൻ യൂണിറ്റുകൾ നിർമിച്ച് റെനോ നിസാൻ ഓട്ടോമോട്ടീവ് പ്രൈവറ്റ് ലിമിറ്റഡ്. 28.3 ലക്ഷം എൻജിനുകളും 16.7 ലക്ഷം ഗിയർ ബോക്സുകളും ഉൾപ്പെടെയാണിത്. 2010 പ്രവർത്തനം ആരംഭിച്ച പ്ലാന്റിൽ നിന്നും 27.5 ലക്ഷം റെനോ, നിസാൻ കാറുകൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതിക്കായി ഉൾപ്പെടെ നിർമ്മിച്ചിട്ടുണ്ട്. 800 സിസി മുതൽ 1500 സിസി വരെയുള്ള എൻജിനുകൾ ഉത്പാദിപ്പിക്കാനുള്ള ശേഷി ഈ പ്ലാന്റിനുണ്ട്. ഉത്പാദനം ആരംഭിച്ചതുമുതൽ ഏഴു വിവിധ തരത്തിലുള്ള എൻജിനുകളും മൂന്നു തരത്തിലുള്ള ഗിയർ ബോക്സുകളും ഇവിടെ നിർമ്മിച്ചിട്ടുണ്ട്. 2016ൽ 10 ലക്ഷം പവർട്രെയിൻ യൂണിറ്റുകൾ ഉത്പാദനം പൂർത്തിയാക്കി.

റെനോ നിസാൻ സഖ്യം പ്രഖ്യാപിച്ച 600 ദശലക്ഷം അമേരിക്കൻ ഡോളർ നിക്ഷേപ പദ്ധതി പ്രകാരം ഞങ്ങളുടെ പുതിയ മോഡലുകൾക്കായി എൻജിനുകളും ഗിയർ ബോക്സുകളും നിർമിക്കാൻ തയ്യാറെടുക്കുകയാണെന്ന് റെനോ നിസാൻ ഓട്ടോമോട്ടീവ് പ്രൈവറ്റ് ലിമിറ്റഡ് എം ഡി കീർത്തി പ്രകാശ് പറഞ്ഞു. ലോകോത്തര സ്പോർട്സ് കാറായ നിസാൻ ജിടി ആർ പോലുള്ളവയിൽ ഉപയോഗിക്കുന്ന എച്ച്ആർ 10 ടർബോ എൻജിനാണ് ആർഎൻഎഐപിഎൽ ഇവിടെ ഉല്പാദിപ്പിക്കുന്ന ഉയർന്ന മോഡൽ എൻജിൻ.

# വി മൂവീസ് ആന്റ് ടിവി ആപ്പിൽ സൺ നെക്സ്റ്റും

**കൊച്ചി:** വി മൂവീസ് ആൻറ് ടിവി ആപ്പ് സബ്സ്ക്രിപ്ഷൻ പദ്ധതികളിൽ സൺ നെക്സ്റ്റ് ഒടിടിയും ഉൾപ്പെടുത്തി. ദക്ഷിണേന്ത്യൻ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങളും മലയാളം, തമിഴ്, കന്നഡ, തെലുഗു, ബംഗാളി, മറാത്തി, ഹിന്ദി എന്നീ ഏഴു ഭാഷകളിലെ പരിപാടികളും ഇതിലൂടെ ലഭ്യമാകും.

വി മൂവീസ് ആൻറ് ടിവി പ്ലസ്, ലൈറ്റ് പായ്ക്കുകളിൽ 248 രൂപയുടേയും 154 രൂപയുടേയും പ്രതിമാസ പദ്ധതികളിൽ സൺ നെക്സ്റ്റ് പ്രീമിയം ഉള്ളടക്കം അധിക ചെലവില്ലാതെ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻനിര ഒടിടി പ്ലാറ്റ്ഫോമുകളായ ഡിസ്നിപ്ലസ് ഹോട്ട്സ്റ്റാർ, സോണിലിവ്, സീ5, മനോരമമാക്സ് തുടങ്ങിയവയ്ക്കൊപ്പം സൺ നെക്സ്റ്റും ഇതോടെ ഉപഭോക്താക്കൾക്കു ലഭിക്കും. ഓരോ ഒടിടികളും പ്രത്യേകമായി വാങ്ങേണ്ട അവസ്ഥയാണ് വി മൂവീസ് ആൻറ് ടിവി പ്ലസ് പായ്ക്കിലൂടെ ഒഴിവാക്കപ്പെടുന്നത്.സൺ നെക്സ്റ്റുമായുള്ള പങ്കാളിത്തത്തിലൂടെ കൂടുതൽ പ്രാദേശിക വിനോദ ഓപ്ഷനുകൾ ചേർത്ത് വി മൂവീസ് ആൻറ് ടിവി അനുഭവം മികച്ചതാക്കുന്നു. ഒരു ആപ്പിൽ ഒരു സബ്സ്ക്രിപ്ഷനിലൂടെ എല്ലാ ഭാഷകളിലും ഉയർന്ന നിലവാരമുള്ള ഉള്ളടക്കം ആസ്വദിക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നു.

# എയർ കണ്ടിഷനറിന് സർവീസ് നിഷേധം; കമ്പനി 75,000/ രൂപ നഷ്ടപരിഹാരം നൽകണമെന്ന് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

**കൊച്ചി:** മൂന്നു വയസ്സുള്ള മകളുടെ രോഗാവസ്ഥയെ ഉഷ്ണകാലത്ത് അതിജീവിക്കാനായി എസി വാങ്ങിയ പിതാവിനു വിൽപ്പനാനന്തര സേവനം നിഷേധിച്ച കമ്പനിയും വ്യാപാര സ്ഥാപനവും എസിയുടെ വിലയായ 34,500/ രൂപ, 30,000/ രൂപ നഷ്ടപരിഹാരം, പതിനായിരം രൂപ കോടതി ചെലവ് ഉൾപ്പെടെ 30 ദിവസത്തിനകം പരാതിക്കാരന് നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ.എറണാകുളം തൃപ്പൂണിത്തുറ സ്വദേശി ആർ അജിത് കുമാർ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്

നേവൽ ബേസ് ജീവനക്കാരനായ പരാതിക്കാരൻ ഒന്നര ടണ്ണിന്റെ ഇൻവർട്ടർ എ സി 34,500/ രൂപയ്ക്ക് ഡീലറിൽ നിന്നും വാങ്ങി.മൂന്ന് വയസ്സുള്ള മകൾക്ക് ത്വക്ക് രോഗം ഉള്ളതിനാൽ തണുപ്പ് നിലനിർത്തുന്നതിനും ഉഷ്ണ കാലത്തെ അതിജീവിക്കുന്നതിനു വേണ്ടിയാണ് എ.സി വാങ്ങിയത്. നാല് ദിവസം കഴിഞ്ഞപ്പോഴേക്കും അത് പ്രവർത്തനരഹിതമായി. എ.സിയുടെ ഇലക്ട്രിക് പാനൽ ബോർഡ് തകരാറിലായി. എന്നാൽ അത് വിപണിയിൽ ലഭ്യമല്ലാത്തതിനാൽ റിപ്പയർ ചെയ്യാൻ കഴിഞ്ഞില്ല. മറ്റു മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തതിനാൽ മകളുടെ ആരോഗ്യാവസ്ഥ പരിഗണിച്ച് സഹോദരന്റെ വീട്ടിലേക്ക് താമസവും മാറ്റേണ്ടി വന്നു. പരാതിയുമായി നിരവധി തവണ എതിർകക്ഷിയെ സമീപിച്ചിട്ടും യാതൊരു തുടർന്ന് നടപടികളും ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് എസിയുടെ വിലയും നഷ്ടപരിഹാരവും കോടതി ചെലവും ആവശ്യപ്പെട്ട് പരാതി സമർപ്പിച്ചത്.

പരാതിക്കാരൻ ആവശ്യപ്പെട്ട പ്രകാരം പുതിയ എസി നൽകുന്നതിന് കമ്പനിയുടെ മുൻകൂർ അനുവാദം വേണമെന്ന് എതിർകക്ഷി ബോധിപ്പിച്ചു.അനുവാദം ലഭിച്ചപ്പോഴേക്കും പണം തിരിച്ചും നൽകണമെന്ന ആവശ്യമായി പരാതിക്കാരൻ മുന്നോട്ട് വന്നു. എ.സിക്ക് നിർമ്മാണപരമായ ന്യൂനതയില്ല. തകരാറിലായ ഭാഗം മാറ്റി നൽകാൻ തയ്യാറാണെന്നും എതിർകക്ഷി കോടതി മുമ്പാകെ ബോധിപ്പിച്ചു.

മൂന്നു വയസ്സുള്ള മകളുടെ രോഗാവസ്ഥയെ അതിജീവിക്കാനാണ് ഉഷ്ണകാലത്ത് എ.സി വാങ്ങിയത്. വാങ്ങിയ ഉടൻതന്നെ എസി തകരാറിലാവുകയും ചെയ്തു. ഫലപ്രദമായ വില്പനാനന്തര സേവനം ലഭിക്കുക എന്നത് ഉപഭോക്താവിന്റെ അവകാശമാണ്. അത് നൽകുന്നതിൽ എതിർകക്ഷികൾ പരാജയപ്പെട്ടുവെന്ന് കമ്മിഷൻ ഉത്തരവിൽ വിലയിരുത്തി.

പാനൽ ബോർഡ് വിപണിയിൽ ലഭ്യമല്ല എന്നത് ഉപകരണം റിപ്പയർ ചെയ്യാനുള്ള ഉപഭോക്താവിന്റെ അവകാശത്തിന്റെ ലംഘനം കൂടിയാണെന്ന് ഡി ബി ബിനു അധ്യക്ഷനും വി രാമചന്ദ്രൻ , ടി. ൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിലയിരുത്തി.ഈ സാഹചര്യത്തിൽ എ. സി യുടെ വിലയായ 34,500/ രൂപയും, മുപ്പതിനായിരം രൂപ നഷ്ടപരിഹാരവും, 10,000 രൂപ കോടതി ചെലവും 30 ദിവസത്തിനകം ഉപഭോക്താവിന് നൽകണമെന്ന് എതിർകക്ഷികൾക്ക് ഉത്തരവ് നൽകി.

പരാതിക്കാർക്ക് വേണ്ടി അഡ്വ. ജിജി നിഖിൽ ഹാജരായി.

# കാർബൺ ബഹിർഗമനം കുറയ്ക്കാൻ ആമസോണും എച്ച്പിസിഎല്ലും സഹകരിക്കുന്നു

**കൊച്ചി:** ആമസോൺ ഇന്ത്യയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (എച്ച്പിസിഎൽ) ഇന്ത്യയിലെ ദീർഘദൂര ഗതാഗതത്തിനായി ലോ കാർബൺ ഇന്ധനങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിക്കുന്നതിനും സഹകരണം പ്രഖ്യാപിച്ചു. ഈ സഹകരണം ഗതാഗത മേഖലയിലെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ്.

2040 ഓടെ പ്രവർത്തനത്തിലുടനീളം നെറ്റ് സീറോ കാർബൺ കൈവരിക്കുന്നതിനുള്ള ആമസോണിൻറെ ആഗോള പ്രതിബദ്ധതയുമായി ചേർന്ന് പോകുന്നതുമാണ്. 2070 ഓടെ നെറ്റ് സീറോ കാർബൺ എന്ന ദേശീയ ലക്ഷ്യം കൈവരിക്കാനും സഹായകമാകും. ഫോസിൽ ഇന്ധനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർബൺ തീവ്രതയിൽ ഗണ്യമായ കുറവ് വാഗ്ദാനം ചെയ്യുന്ന പുനരുപയോഗിക്കാവുന്ന ഡീസൽ, കംപ്രസ്ഡ് ബയോഗ്യാസ് തുടങ്ങിയ ലോ കാർബൺ ഇന്ധനങ്ങളുടെ വിതരണവും ആവശ്യകതയും വർദ്ധിപ്പിക്കുന്നതിനുള്ള ധാരണാപത്രം ആമസോണും എച്ച്പിസിഎല്ലും ഒപ്പ് വെച്ചു.




ഈ ഇന്ധനങ്ങൾ ആമസോണിൻറെ ദീർഘദൂര ഗതാഗത വാഹനങ്ങളിൽ പരീക്ഷിക്കുകയും കാർബൺ കുറഞ്ഞ ഇന്ധനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി ഇന്ധനം നിറക്കുന്ന കേന്ദ്രങ്ങളുടെയും മൊബൈൽ ഇന്ധന കേന്ദ്രങ്ങളുടെയും സാധ്യതകൾ പഠിക്കുകയും ചെയ്യും. കാർബൺ കുറഞ്ഞ ഇന്ധനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇരു കമ്പനികളും സർക്കാർ സ്ഥാപനങ്ങളുമായും വ്യവസായ പ്രമുഖരുമായും ചേർന്ന് പ്രവർത്തിക്കും.ഇന്ത്യയുടെ ഊർജ്ജ പരിവർത്തനത്തിൽ ജൈവ ഇന്ധനങ്ങൾ പ്രധാനമാണെന്നും തൊഴിലിനും സാമ്പത്തിക വളർച്ചയ്ക്കും അവ സംഭാവന നൽകുമെന്നും ആമസോൺ ഇന്ത്യ ഓപ്പറേഷൻസ് വൈസ് പ്രസിഡൻറ് അഭിനവ് സിംഗ് പറഞ്ഞു.

# സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ ആരോഗ്യ പദ്ധതി പ്രഖ്യാപിച്ച് നിത അംബാനി



**മുംബൈ:** പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള 1,00,000 സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ സ്ക്രീനിംഗും ചികിത്സയും നൽകുന്ന പുതിയ ആരോഗ്യ സേവാ പദ്ധതി പ്രഖ്യാപിച്ചു റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം. അംബാനി. കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആവശ്യമായ സ്ക്രീനിംഗുകൾക്കും ചികിത്സകൾക്കും മുൻഗണന നൽകുന്നതാണ് പദ്ധതി. സർ എച്ച്എൻ റിലയൻസ് ഫൗണ്ടേഷൻ ഹോസ്പിറ്റലിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് 50,000 കുട്ടികൾക്കിടയിൽ ഹൃദ്രോഗത്തിനുള്ള സൗജന്യ പരിശോധനയും ചികിത്സയും, 50,000 സ്ത്രീകൾക്ക് സൗജന്യ ബ്രെസ്റ്റ് ക്യാൻസർ, സെർവിക്കൽ ക്യാൻസർ സ്ക്രീനിംഗ്, 10,000 കൗമാരക്കാരായ പെൺകുട്ടികൾക്ക് സൗജന്യ സെർവിക്കൽ ക്യാൻസർ വാക്സിനേഷൻ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തി നൽകും.



# ദീപാവലി അവിസ്മരണീയമാക്കാൻ സമ്മാനങ്ങളും വിഭവങ്ങളുമൊരുക്കി ദുബായ്

**കൊച്ചി:** ദീപാവലിയെ വരവേൽക്കാൻ വൈവിധ്യമാർന്ന സമ്മാനങ്ങളും ആകർഷകമായ വിഭവങ്ങളുമൊരുക്കി ദുബായ്.

ആഡംബരത്തിനും പ്രൗഢിക്കും പേരുകേട്ട ദുബായ് അതിന്റെ സംസ്കാരത്തിനും തനിമയ്ക്കും ഇണങ്ങുന്ന രീതിയിലാണ് ദീപാവലിയെ വരവേൽക്കാനൊരുങ്ങുന്നത് വിഭവങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ് ക്രിസ്പി നാഫെ, പിസ്ത, താഹിനി പേസ്റ്റ് എന്നീ ചേരുവകൾ ഉപയോഗിച്ച് ഉണ്ടാക്കിയ ഫിക്സ് ചോക്ലേറ്റ്. ബാർ. ദീപാവലിയുടെ മധുരം പങ്കുവയ്ക്കാൻ പ്രിയപ്പെട്ടവർക്ക് സമ്മാനിക്കാവുന്ന ഏറ്റവും മികച്ച വിഭവമാകും ഇത്. അമൗഗ് നിർമ്മിക്കുന്ന സവിശേഷമായ സുഗന്ധത്തോട് കൂടിയ ഏറെ പ്രശസ്തമായ അറേബ്യൻ ഊദ് പെർഫ്യൂം, ബാത്തീലിൽ നിന്നുള്ള ആഘോഷവേളകൾക്കായി പ്രത്യേകം തയ്യാറാക്കിയ ലിമിറ്റഡ് എഡിഷൻ ഈന്തപ്പഴം, കോഫി മ്യൂസിയത്തിൽ നിന്നുള്ള പരമ്പരാഗത എമിറാത്തി കോഫി സെറ്റ് എന്നിവയും ദീപാവലിയ്ക്കായി ഒരുക്കിയിട്ടുണ്ട്.

സ്പൈസ് സോക്ക് തയ്യാറാക്കിയ ദുബായിയുടെ പാരമ്പര്യവും തനിമയും വിളിച്ചോതുന്ന സുഗന്ധദ്രവ്യങ്ങൾ, ദുബായ് ഗോൾഡ് സൂക്കിൽ നിന്നുള്ള സവിശേഷമായ സ്വർണ്ണാഭരണങ്ങൾ, വിവിധ രുചികളിൽ തയ്യാറാക്കിയ കാമെൽ മിൽക്ക് ചോക്ലേറ്റുകൾ, സിൽസാൽ ഡിസൈൻ ഹൗസിൽ നിന്നുള്ള പരമ്പരാഗത അറബിക് കാലിഗ്രാഫിയുടെ നേർക്കാഴ്ചയായ ടേബിൾ വെയർ, ദുബായിയുടെ സംസ്കാരവും നിർമ്മാണചാരുതയും വെളിവാക്കുന്ന സാൻഡ് ആർട്ട് ബോട്ടിലുകൾ, എക്സോട്ടിക് ടീ ഗിഫ്റ്റ് സെറ്റുകൾ എന്നിവയും ഈ ദീപാവലിക്ക് പ്രിയപ്പെട്ടവർക്ക് സമ്മാനിക്കാനായി ദുബായിൽ നിന്ന് സ്വന്തമാക്കാം

